2022 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ | ത്രൈമാസിക | ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

**The National, State, District, Village star news Kerala & India**



യുവേഫാ നേഷൻസ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് 2022–23

ഭാസി മലാപ്പറമ്പ്

ഇയ്യങ്കോട് ശ്രീധരൻ <> പി.ആർ നാഥൻ <> ശ്രീധരനുണ്ണി

പുരുഷൻ കടലുണ്ടി <> ഭാസി മലാപ്പറമ്പ് <> മുണ്ട്യാടി ദാമോദരൻ

പൂനൂർ കെ. കരുണാകരൻ <<>> നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ

വിനോദ് കുമാർ ദാമോദർ <<>> എം.കെ. രവീന്ദ്രൻ വൈദ്യർ

ചിത്രാപ്പാട്ട് നീലകണ്ഠൻ <<>> മഞ്ചേരി ബാലചന്ദ്രൻ

പ്രഭാകരൻ നറുകര

PK ELECTRICALS

PEE KAY ELECTRICALS
WHOLESALE & RETAIL

City Tower, Mavoor Road, Calicut
Ph: 0495 2720330 / 4060090 Mob: 9447393749
E-mail: pkelectricals.clt@gmail.com
www.peekeyelectricals.in

WIPRO | V-GUARD | KEI Wires & Cables | PHILIPS | L&T SWITCHGEAR | Goldmedal | Vinay | BONTON
Finolex | HAVELLS | legrand | ANCHOR | Crabtree | RR KABEL | USHA | Crompton

VOL: 4, ISSUE: 15
RNI REG NO. : KERMAL 16195

NAKSHATHRARAJYAM
TRI-MONTHLY (QUARTERLY)

2022 FEBRUARY, MARCH, APRIL
RS. 10/-




SOBHA
INDUSTRIES

Mooriyad, Chalappuram P.O, Kozhikode - 673 002
Ph: Mohandas T - 9846 23 58 36, 9544 47 53 40, 9746 59 12 63
E- mail: sobhaindustries3g@gmail.com, www.sbscalicut.com



Manufacture of
Centring Equipments, Asjustable, Prop, Span, Centaring Sheet,
Column Box, Scaffolding, Etc.

Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.



മുഖചിത്രം
ശ്രീദേവി വിജയകുമാർ
(ഫിലിം സ്റ്റാർ)

**NAKSHATRA RAJYAM**
Tri - Monthly (QUARTERLY) Magazine
2022 FEBRUARY, MARCH, APRIL
RNI Title Code: KERMAL 16195 Dt: 22-06-2018
Reg: DCKKD-5221/17-A1A dtd 20-08-2018
Issue 15 volume 4
Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli HOUSE, Kommeri P.O.
Kozhikode - 673007, Kerala State
ADDRESS
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankave P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail : nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
LAYOUT
Nakshthrarajyam E. Radhakrishnan
COVER
Sayooj Mayanad
Price Rs -10.

## എഡിറ്റോറിയൽ



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# തീവണ്ടി യാത്ര കേരളത്തിൽ

ഇന്ത്യാമഹാരാജ്യത്ത് 1836 മേയ് 6ന് ഇന്ത്യൻ റയിൽവേ നിലവിൽവന്നു. 1947ന് ശേഷം സ്വാതന്ത്ര്യാനന്തരം Regional Zones 1951 ലും South Zone 1951 April 14, Central Zone 1951 November 05, Western Zone 1951 November 05 നും തുടക്കം കുറിച്ചു. 21–ാം നൂറ്റാണ്ടിലെ ഇക്കാലത്തും റെയിൽവേയുടെ വളർച്ചയിലും ദീർഘദൂരത്തിലും 4–ാം സ്ഥാനത്ത് നില്ക്കുന്ന രാജ്യമാണ് നമ്മുടെ ഭാരതം എന്നു പറയുന്നതിൽ ഏതൊരു ഭാരതീയനും അഭിമാനിക്കാവുന്നതാണ്. എന്നാൽ വളർച്ചയുടെ കൊടുമുടിയിലുള്ള ഇന്ത്യൻ റെയിൽവേയെ പൊതുമേഖലയിൽനിന്ന് സ്വകാര്യ മേഖലയിലേക്കു നയിക്കുന്നതിനെ കുറിച്ചുള്ള ചിന്തകളും നടപടിക്രമങ്ങളും മനസ്സിലാക്കിയാൽ ലോകത്തിലെ 4–ാം സ്ഥാനക്കാരായ ഇന്ത്യൻറെയിൽവേയുടെ "പ്രൈവറ്റ് സെക്ടർ"മാറ്റം നമുക്ക് അഭിമാനിക്കാവുന്നതാണോ എന്നതും ഇവിടെ ചിന്തനീയമാകേണ്ടതുണ്ടല്ലൊ.

എന്നാൽ വളർച്ചയുടെതായ ഇക്കാലയളവിലും ഇന്ത്യയിലെ ഒരു കൊച്ചുസംസ്ഥാനമായ കേരളത്തിൽ വലിയതോതിലൊന്നും റെയിൽവേയുടെ മോഡറൈസേഷനും (നവീകരണം) അടിസ്ഥാന സൗകര്യങ്ങളും പാത ഇരട്ടിപ്പിക്കലും വികസിച്ചിട്ടില്ല എന്നത് ഒരു പരമാർത്ഥമാണ്. ടിക്കറ്റെടുത്തു യാത്രചെയ്യുന്ന ആളുകൾ യാത്രക്കാരായി ഏറ്റവും അധികമുള്ള സംസ്ഥാനം എന്നാണ് കേരളത്തെക്കുറിച്ച് പറയപ്പെടുന്നത്. വലിയതോതിലൊന്നും ലാഭം കുറയാതെ ഇന്നും ഇന്ത്യൻ റെയിൽവേയെതാങ്ങിനിർത്തുന്ന സംസ്ഥാനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം.

കേരളത്തിലെ റയിൽവേ ഡിവിഷനുകളിൽ പുരോഗതി വളരെയൊന്നും പ്രാപിക്കാത്ത തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിൽ യാത്രക്കാർക്കനുപാതത്തിൽ തീവണ്ടികളുടെ എണ്ണം വർദ്ധിക്കുന്നില്ല. ഉള്ള സൌകര്യങ്ങളും ദീർഘദൂര വണ്ടികളും പാലക്കാട് ഡിവിഷനിൽ നിന്നും മാറി ഈറോഡ് ഡിവിഷൻ പരിധിയിലാണിന്നുള്ളത്. പാലക്കാട് ഡിവിഷന് കിട്ടേണ്ടതായ വലിയൊരു ശതമാനം വളർച്ചയും ഈറോഡ് ഡിവിഷൻ കൈത്തട്ടിൽ വെച്ച് അനുഭവിക്കുകയാണ്. പാസഞ്ചർ വണ്ടികൾ യാത്ര


(ശേഷം എഡിറ്റോറിയൽ 33 –ാം പേജിൽ)

ലേഖനം

വിനോദ്കുമാർ ദാമോദർ



# തട്ടിതെറിപ്പിയ്ക്കപ്പെടുന്ന ഏഷ്യൻ ആനകൾ



ഏത് സമയവും വണ്ടിതട്ടി അപകടം സംഭവിക്കാവുന്ന റെയിൽപാളം

**ഈ** കഴിഞ്ഞ ദിവസം വാളയാർ വനങ്ങളിൽ 3 ആനകൾ ട്രെയിൻ തട്ടി മരണപ്പെട്ട സംഭവം വന്യജീവി സ്നേഹികളെ ചൊടിപ്പിച്ചിരിക്കുകയാണ്. അവർ ഉടനെ ഉത്തരവാദികളായവർക്കെതിരെ ശക്തമായ നടപടികൾ ആവശ്യപ്പെട്ടിരിക്കുകയാണ്. വാളയാർ വനങ്ങളിൽ ഇതേപോലെ ആനകൾ തീവണ്ടിതട്ടി തെറിയ്ക്കുന്ന സംഭവങ്ങൾ തുടർച്ചയായി ഉണ്ടായിട്ടും, സർക്കാർ ശക്തമായ മാനദണ്ഡങ്ങൾ ഇതിനെതിരെ വെച്ചിട്ടും യാതൊരു വ്യത്യാസവും കാണുന്നില്ലയെന്ന് വ്യക്തമാകുന്ന സംഭവങ്ങളാണിതെല്ലാം.

കഴിഞ്ഞകൊല്ലത്തെ കണക്കെടുത്താൽത്തന്നെ 186 ആനകൾ ഇന്ത്യയിൽ ഓടുന്ന തീവണ്ടി ഇടിച്ച് ചത്തിട്ടുണ്ടെന്നാണ് വിവരാവകാശ മറുപടി പറയുന്നത്. ഇതിൽ നല്ലൊരു ശതമാന അപകടവും കേരളത്തിലെ വാളയാർ വനമേഖലകളിൽപെടും. പലപ്പോഴും സ്പീഡിലോടുന്ന ട്രെയിനുകൾ തട്ടി ആനകൾ ഇത്തരത്തിൽ ചാവുമ്പോൾ ഇവ തടയുവാൻ നിശ്ചയിച്ച പല മാനദണ്ഡങ്ങളും ലംഘിച്ചതായി കാണുന്നു. പലപ്പോഴും വേഗതതന്നെയാണ് പ്രധാന കാരണം. ഈ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് ആസ്സാം.

ആസ്സമിൽ ഈ കാലയളവിൽ 62 ആനകളാണ് തീവണ്ടി തട്ടി മരണപ്പെട്ടത്.ഇതുപോലെത്തന്നെയാണ് വെസ്റ്റ് ബംഗാളും. വെസ്റ്റ് ബംഗാളിൽ ഈ കാലയളവിൽ 57 ആനകളാണ് മരിച്ചത്. ആന തീവണ്ടി തട്ടി മരണപ്പെടുന്ന സംഭവങ്ങളിൽ കേരളവും ആസ്സമിനോടും വെസ്റ്റ് ബംഗാളിനോടും ഒപ്പം നിൽക്കും. കേന്ദ്രഭരണകൂടത്തിനും സംസ്ഥാനഭരണകൂടത്തിനും ഒരു പോലെ സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ള വന്യമൃഗമാണ് ആന. വന്യജീവി സംരക്ഷണ നിയമം ഷെഡ്യൂൾ ഒന്നിൽ ഇന്ത്യയിൽ ആന സംരക്ഷിക്കപ്പെടേണ്ട മൃഗമാണ്.

ഇതു കൂടാതെ രാജ്യത്തിന്റെ ഹെറിട്ടേജ് മൃഗമെന്നും ഇവ അറിയപ്പെടുന്നു.

റെയിൽവേ മന്ത്രാലയവും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും ചേർന്ന്, ആനകൾ വണ്ടി തട്ടി തെറിച്ചു മരണപ്പെടുന്നത് തടയുന്നതിന് വേണ്ടിയുള്ള നിയമസംരക്ഷണവും പ്രവർത്തികളും നടപ്പാക്കുവാൻ ഉന്നതതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതുകൊണ്ടൊന്നും തന്നെ ആനയുടെ അപകടമരണം തടയുവാൻ കഴിഞ്ഞിട്ടില്ല. പല പ്രദേശങ്ങളിലും തീവണ്ടി പാളങ്ങൾ കടന്നുപോകുന്നത് ആനകൾ ധാരാളമായി കാണപ്പെടുന്ന വനത്തിനകത്തുകൂടെയാണ്.

കൊമ്പുകൾക്കു വേണ്ടിയും ഈ കാലയളവിൽ 169 ആനകൾ സാമൂഹിക ദ്രോഹികളാൽ കൊല ചെയ്യപ്പെട്ടു. വിഷം വെച്ചിട്ടും മറ്റും 64 ആനകൾ കൊല ചെയ്യപ്പെട്ടിട്ടുമുണ്ട്. ഇതിൽ 23 എണ്ണം കേരളത്തിലാണ്.

വനങ്ങൾ കുറയുന്നതു മൂലവും കാലാവസ്ഥവ്യതിയാനം മൂലവും മറ്റു കാരണങ്ങളാലും പൊതുവെ ആനകൾ കുറയുന്നതു കൂടാതെ ജനങ്ങളാൽ സംഭവിക്കുന്ന അസ്വാഭാവിക മരണങ്ങളാണ് ഇവയെല്ലാം. ഇതുംകൂടാതെ നല്ലൊരു എണ്ണം ആനകൾ സ്വാഭാവികമായും മരണപ്പെടുന്നുണ്ട്.

രാജ്യത്തിന്റെ ഹെറിറ്റേജ് ആനകളുടെ അവസ്ഥയാണിന്നിത്.

ഏഷ്യൻ ആനകളുടെ ഒരു പ്രധാന വിഹാരരാജ്യമാണിന്ന് ഇന്ത്യ.

ഇന്ത്യയിലെ പ്രധാന പല സംരംക്ഷിത വന പ്രദേശങ്ങളും ആനകളുടെ എണ്ണം കൂടി വരുമ്പോൾ മുകളിൽ പറഞ്ഞ പ്രദേശങ്ങളിൽ അവയ്ക്കു ഭീഷണി തുടരുന്നു.



**വാളയാർ റിസർവ്വ് വനങ്ങളിൽ വണ്ടിതട്ടി മുറിവേറ്റ ഒരു ആന**

ആനകളെ കൊമ്പിനുവേണ്ടി കൊല്ലുന്നതിനും വിഷംവെച്ചു കൊല്ലുന്നതിനും ഒരു കാരണമുണ്ടെങ്കിൽ, പൂർണ്ണമായും അശ്രദ്ധ കാരണമെന്നുപറയുന്നതാവും ശരി വണ്ടിതട്ടിയുള്ള ആനകളുടെ മരണം.

ഒരു ഭാഗത്ത് ഇത്തരത്തിൽ അപകട മരണം നടന്നാൽ കുറച്ചുകാലം ഇതിനെപ്പറ്റിയുള്ള ചർച്ചകളും, നടപടികൾക്ക് ഊന്നൽ കൊടുക്കുന്നതിനെപ്പറ്റിയുള്ള പ്രഖ്യാപനങ്ങളും കേൾക്കുമെങ്കിലും പിന്നീട് വീണ്ടും ഒരു അപകടം വരുമ്പോൾ മാത്രമെ ഈ കാര്യം അധികൃതർ ശ്രദ്ധിക്കാറുള്ളുവെന്നതാണ് സത്യം. ■

**മിനികഥ**

# ചതി

**വിനോദ്കുമാർ വി. നറുകര**





**ചെട്ടിയാരോട് പശുവിനെ വാങ്ങിയ കച്ചവടക്കാരൻ ദേഷ്യപ്പെട്ടുകൊണ്ട് പറഞ്ഞു.**

**"മനുഷ്യനെ പറ്റിക്കുന്നതിനും ഒരതിരുണ്ട്. ഇത് കൊടും ചതിയായിപ്പോയി"**

**ചെട്ട്യാർ വെറ്റിലക്കറ പുരണ്ട പല്ലുകൾ കാണിച്ച് ഒന്നു ചിരിച്ചു.**

**"സുഹൃത്തെ, രാവിലെ ആറ് കറക്കും വൈകുന്നേരം ആര് കറക്കുമെന്നാ ഞാൻ നിങ്ങളോട് പറഞ്ഞത്!?**

**നിങ്ങളെന്റെ പശുവിനെ കച്ചവടക്കണ്ണുകൾ കൊണ്ട് അളന്നു വാങ്ങി.**

**ഞാൻ പറഞ്ഞതിൽ ഉറച്ചു നിൽക്കുന്നു.**

**നോട്ട് ദി പോയന്റ്"**

ചെറുകഥ



ഇയ്യങ്കോട് ശ്രീധരൻ

# നഗരത്തിൽ ഒരു രാത്രി

**അ**യാൾ അന്ന് കാലത്തു തന്നെ നഗരത്തിലെത്തി, താലൂക്ക് സപ്ലൈ ആഫിസറെക്കണ്ട് മണ്ണെണ്ണക്ക് ഒരു സ്പെഷ്യൻ്റ പെർമിറ്റ് വാങ്ങാൻ. അയാൾ താമസിക്കുന്ന കുഗ്രാമത്തിൽ വിദ്യുച്ഛക്തി വന്നിട്ടില്ല. റേഷൻഷാപ്പിൻ്റ മണ്ണെണ്ണ ബാരൽ കമഴ്ത്തിവെച്ചിട്ടു മാസം രണ്ടായി. സ്റ്റോക്കില്ല.

കുട്ടികൾ നാലഞ്ചുപേർ പഠിക്കുന്നു. അതുകൊണ്ട് വെളിച്ചത്തിൻ്റെ ഉപയോഗം വർദ്ധിച്ചു. വെളിച്ചത്തിന്ന് മണ്ണെണ്ണ വേണ്ടതുണ്ട്. എന്നാൽ അതെവിടെ?

ഹരജി അയച്ചു... മറുപടി കാണാഞ്ഞപ്പോൾ വീണ്ടും ഹരജി. നിശ്ശബ്ദം... അപ്പോഴാണ് ആരോ ഉപദേശിച്ചത്.

സപ്ലൈആപ്പിസിൽ നേരിട്ടു ചെല്ലാൻ അവിടെ അല്പംപരുങ്ങിനിന്നാൽ കാര്യം നേടാം. പക്ഷേ ആ പരുങ്ങിനില്പിന്ന് ചില്ലാനം ചിലവുണ്ട്. കൂടാതെ വയ്യല്ലോ. അയാൾ അങ്ങിനെ നഗരത്തിൽ വന്നു. താലൂക്ക് സപ്ലൈആപ്പിസറെന്ന എട്ടുകാലികൂടുകൂട്ടിയിരിക്കുന്നത് നഗരത്തിലാണ്.

അവസാനത്തെ ബസ്സിനെങ്കിലും നാട്ടിലേക്ക് മടങ്ങണമെന്ന് ആ മനുഷ്യൻ വിചാരിച്ചതായിരുന്നു. പക്ഷേ അതു തരപ്പെട്ടില്ല. കാര്യം നേടുമ്പോഴേക്കും സമയം സന്ധ്യകഴിഞ്ഞു.

അയാളുടെകയ്യിൽ പൈസയൊന്നുമുണ്ടായിരുന്നില്ല, മടങ്ങിപ്പോകാനുള്ള ബസ്സ് ചാർജ്ജല്ലാതെ. പട്ടാപ്പകൽ പോക്കറ്റടിക്കപ്പെട്ടമട്ടിലാണ് അയാൽ നിന്നത്. സപ്ലൈ



ആപ്പിസിലെ ഗുമസ്തന്മാർക്ക് ആ മനുഷ്യൻ്റെ പോക്കറ്റിനോട് ഒരു പ്രത്യേക സ്നേഹം തോന്നിയതാണ് അതിന്നു കാരണം.

ഒടുവിൽ ആ മനുഷ്യൻ രാത്രി നഗരത്തിൽ തങ്ങാൻ നിർബന്ധിതനായി. ഹോട്ടലുകളിൽ എത്രയോമുറികൾ ഒഴിഞ്ഞു കിടപ്പുണ്ട്. പൈസയുണ്ടെങ്കിൽ മുറി വാടകയ്ക്ക് എടുത്ത് സുഖമായുറങ്ങാം. വെളുപ്പാൻ കാലത്തെ ബസ്സിന്ന് നാട്ടിലേക്ക് പോകാം.

പക്ഷേ ആ നല്ല ഉറക്കത്തിന്നും പണം ചിലവുണ്ടല്ലോ. അതാണല്ലോ, കയ്യിൽ ഇല്ലാത്തതും.

അതിനാൽ അയാൾ തലങ്ങും വിലങ്ങും നഗരത്തിൽ നടക്കാൻ തുടങ്ങി. സ്വതവേ താല്പര്യം ഒട്ടും ഇല്ലാത്ത വിഷയങ്ങളിലും താല്പര്യം തോന്നി തുടങ്ങി. ഇനിയും പത്തു മണിക്കൂർ കഴിഞ്ഞാലെ പ്രഭാതം വന്നെത്തുകയുള്ളു.

അങ്ങിനെ നടന്നു നീങ്ങുമ്പോൾ അയാൾ കണ്ടു നഗരത്തിൽ പലേടങ്ങളിലുമായി പോലീസുകാർ പാറാവുനില്ക്കുന്നു. ഇത്രയധികം പോലീസുകാർ എന്തിന്ന്?

അയാൾക്കതിൽ കൌതുകം തോന്നി. അന്വേഷിച്ചു. അന്വേഷിച്ചപ്പോൾ പിടികിട്ടി.

മന്ത്രി വരുന്നുണ്ടത്രെ!

അയാളുടെ കൌതുകം ഇരട്ടിച്ചു. മന്ത്രിയോ? എങ്കിൽ മന്ത്രിയേയും കാണാം.

മന്ത്രിയെ കാണാൻ ജനം നഗരത്തിൽ പലേടങ്ങളിലുമായി തടിച്ചുകൂടാൻ തുടങ്ങി.

ജനം എന്നുപറഞ്ഞാൽ അധികവും കുട്ടികളും കിഴവന്മാരുമായിരുന്നു. അവർ ഇടക്കിടക്ക് പിറുപിറുക്കുകയും അക്ഷമ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. അയാൾക്ക് സന്തോഷംതോന്നി. ഇതുവരെ എവിടെയെങ്കിലും അല്പനേരം നില്ക്കാൻ ഒരു കാരണവുമില്ലാതെ വെറുതെ ചുറ്റിത്തിരിയകയായിരുന്നു.

മന്ത്രി വരുന്നുണ്ടല്ലോ. മന്ത്രിയെക്കാണാം.

അയാൾ ഒരു പീടികക്കോലായിൽ കയറി നില്പായി. താമസിയാതെ അയാൾ പൊതുജനത്തിൽ ഒരു ഘടകമായിത്തീർന്നു.

ജനം മന്ത്രിയെ കാണാഞ്ഞ് ഞെളിപിരികൊണ്ടു. കുട്ടികൾ കാക്കയുടേയും പൂച്ചയുടേയും ശബ്ദങ്ങളുണ്ടാക്കി. കിഴവന്മാർ

ആരെയെന്നില്ലാതെ ശപിക്കാൻ തുടങ്ങി. ക്രമേണ ക്രമേണ ആശബ്ദം കടലിരമ്പം പോലെയായി.

പോലീസുകാർ സമാധാനം പാലിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ലാത്തിചുഴറ്റി.

ഇത്രയൊക്കെയായിട്ടും മന്ത്രി വന്നില്ല. ഏഴ് മണിക്ക് എത്തിച്ചേരുമെന്ന് പരിപാടിയിട്ട മന്ത്രിയാണ്. മണി ഒമ്പതു കഴിഞ്ഞു.

കമ്പിക്കാലുകളിലെ വെളിച്ചത്തിന്റെ കണ്ണുകൾ ഇമചിമ്മാതെ നിന്നു.

ഒടുവിൽ മന്ത്രിവന്നു.

മന്തിയെ കാത്തുനിന്നിരുന്ന ജനം ഇരമ്പി. വീണ്ടും വീണ്ടും ഇരമ്പി കോലാഹലമായി. പോലീസുകാർ പരിഭ്രാന്തരായി ചുറ്റുംഓടി. മന്തിയാകട്ടെ, പൊതുജനത്തിന്റെ നേരെ ചിരിക്കുകയും തൊഴുകയും ചെയ്തു. അദ്ദേഹത്തിന്റെ കാർ വെളിച്ചത്തിൽ വെട്ടിത്തിളങ്ങി. അതൊരു വലിയ കാറുതന്നെയായിരുന്നു കപ്പലുപോലുള്ള കാർ വിദേശത്തുനിന്ന് സമ്മാനം കിട്ടിയതാവും.

കാറിന്റെ പിൻസീറ്റിൽ ധാരാളം ജമന്തി മാലകളും, പരുത്തിനൂൽ മാലകളും കിടന്നിരുന്നു.

കാറ് പതുക്കെ നഗരത്തിലൂടെ നീങ്ങി. മന്ത്രി കാറിൽ നിന്ന് എഴുന്നേറ്റുനിന്നു. അദ്ദേഹത്തിന്റെ തൊട്ടടുത്ത് ഒരു കൊഴുത്തുരുണ്ട സ്ത്രീ ഇരുന്നിരുന്നു. അവർ എഴുന്നേറ്റൊന്നുമില്ല. അവർക്ക് പൊതുജനം കഴുതയാണെന്നറിയാമായിരുന്നു. അതാവാം, മന്ത്രിയുടെ ഭാര്യ.

മന്ത്രിയുടെ കഴുത്തിൽ മാല വീണുകൊണ്ടിരുന്നു. പലരും പല തരം മാലകളിട്ടു. അവ എടുത്തു മാറ്റാൻ ഒരു മാന്യനുണ്ടായിരുന്നു അത് കലക്ടറാണോ? ഓ... അതേ... കലക്ടർതന്നെ.

മന്തിക്ക് നല്ല ആരോഗ്യമുണ്ട്. തക്കാളിയും കോഴിമുട്ടയും കഴിക്കുന്നുണ്ടാവും. മന്ത്രിയുടെ ഭാര്യ എല്ലാ അവയവങ്ങളിലും സ്വർണ്ണം പൊതിഞ്ഞിരിക്കുകയാണ്. സ്വർണ്ണനിയന്ത്രണം മന്ത്രിയുടെ ഭാര്യയ്ക്കു ബാധകമല്ലായിരിക്കും. മന്ത്രിയും ഭാര്യയും കഴിക്കുന്ന ആഹാരത്തെപ്പറ്റി ചിന്തിച്ചപ്പോൾ അയാൾക്ക് അസൂയതോന്നിപ്പോയി.

അപ്പോൾ, നഗരത്തിലെ പ്രധാന പാതയുടെ ഇടതുവശത്തുള്ള ഒരു ചെറിയ പീടികക്കുചുറ്റും ചെറുപ്പക്കാരും, കുട്ടികളും, വൃദ്ധന്മാരും, മുത്തശ്ശിമാരുമടങ്ങിയ ഒരു ആൾക്കൂട്ടമുണ്ടായിരുന്നു. അവർ മന്ത്രിവരുന്നതും പോകണതൊന്നുമറിയാതെ, ഒരു പക്ഷേ അതിലത്ര താല്പര്യം കാണിക്കാതെ ആ പീടികയ്ക്കുചുറ്റും തിരക്കുക തന്നെയാണ്.

മന്ത്രി കാർ നിർത്തി.

എന്നിട്ട് കൂടെയുള്ള ഉദ്യോഗസ്ഥനോട് എന്തിനാണ് അവരിങ്ങനെ തിരക്കുന്നതെന്നു ചോദിച്ചു. മന്ത്രിയുടെ ഭാഷ ജനങ്ങൾക്ക് പിടികിട്ടിയില്ല.

ഉദ്യോഗസ്ഥൻ, അതേ ഭാഷയിൽ മറുപടി പറഞ്ഞു.

“കൃഷിക്കാർ സർക്കാറിന്റെ ആഹ്വാനമനുസരിച്ച് പുതിയതരം നെൽവിത്തു വാങ്ങാൻ വന്നതാണ്. അവരിൽ നല്ല ഉത്സാഹം കാണുന്നുണ്ട്. വികസന പ്രവർത്തനങ്ങൾക്കായി ഇക്കൊല്ലത്തേക്ക് അനുവദിച്ച സംഖ്യ കഴിഞ്ഞമാസത്തിൽതന്നെ ചിലവാകുകയും ചെയ്തു....”

മന്തിക്ക് അതുകേട്ട് രോമാഞ്ചമുണ്ടായി. അദ്ദേഹം ചിരിച്ചു. എന്നിട്ട് മൂക്കുചീറ്റി, കർച്ചീഫെടുത്തു തുടച്ചു. മന്തിക്ക് “ഇസനോഫീലിയ” യുണ്ടായിരിക്കും. തിരക്കിട്ട പരിപാടികളല്ലെ... ഒരു രാഷ്ട്രത്തെ മുഴുവൻ ആ ചുമലുകൾ താങ്ങുന്നു.

പക്ഷേ വാസ്തവം പറഞ്ഞാൽ, അതൊരു റേഷൻ കയയായിരുന്നു. നിത്യത കഴിക്കാൻ വേണ്ടി അതിപ്രയത്നംചെയ്യുന്ന നഗരത്തിലെ വെറും മൂന്നാംകിട മനുഷ്യന്മാരായിരുന്നു അവർ.

നീണ്ട മൂന്നാഴ്ചകൾക്കുശേഷം ഭൂമിയിൽ പ്രത്യക്ഷപ്പെട്ട അരിക്കും, ഗോതമ്പുമാവിന്നും വേണ്ടി അവർ യുദ്ധം ചെയ്യുകയായിരുന്നു. അമ്മമാർ; സഹോദരന്മാർ; മുത്തച്ഛന്മാർ; കൊച്ചുകൊച്ചുപയ്യന്മാർ.

മന്ത്രിയുടെ കാർ നീങ്ങി. ജനം വീണ്ടും ആർത്തു. മന്തിക്ക് അന്നുരാത്രി ഒരു പ്രസംഗമുണ്ടായിരുന്നു. മറുനാട്ടിൽ നിന്ന് നിയന്ത്രിക്കുന്ന ഒരു സംഘടനയുടെ, നഗരത്തിൽ പ്രവർത്തിക്കുന്ന ഒരു ശാഖയിൽ.

“വിദ്യാഭ്യാസവും സംസ്ക്കാരവുമുള്ള” നഗരത്തിലെ മാന്യന്മാരെല്ലാം ആ സംഘടനയിൽ അംഗങ്ങളാണ്.

മന്ത്രി പോയപ്പോൾ, അയാൾ വീണ്ടും നടന്നു ഇനി എന്ത്?

നേരം വെളുക്കാൻ ഇനിയും കുറെ മണിക്കൂറുകളുണ്ട്. കരിമ്പാറപോലുള്ള അഞ്ചെട്ടു മണിക്കൂറുകൾ!

വാൾപയറ്റും പ്രേമവും ഗുസ്തിയുമുള്ള, ഒടുവിൽ ശുഭമായി പര്യവസാനിക്കുന്ന ഒരു സിനിമയുണ്ട്.

പൈസയുണ്ടെങ്കിൽ മൂന്നുമണിക്കൂർ നേരം കഴിഞ്ഞുകിട്ടും.

പക്ഷെ നിവർത്തിയില്ല. സിനിമ കണ്ടാൽ നാളെ കാലത്തുള്ള ബസ്സുയാത്ര മുടങ്ങും.

അയാൾ വീണ്ടും നടക്കാൻ തുടങ്ങി. പ്രധാന പാതയിൽ നിന്നും നടത്തം മറ്റൊരുവഴിക്കുതിരിഞ്ഞു.

അതൊരു ഇടുങ്ങിയ പാതയായിരുന്നു. കുതിരച്ചാണകത്തിന്റേയും ഗട്ടറിന്റേയും ദുർഗന്ധമുള്ള വൃത്തകെട്ട പാത. പക്ഷേ തിരക്കു കുറവായിരുന്നു.

കമ്പിക്കാലുകളുണ്ടെങ്കിലും വെളിച്ചമില്ല. നടന്നുപോകുമ്പോൾപ്പോലും കൊതുകുകടിച്ചിരുന്നു. നഗരത്തിന്റെ ഇരുണ്ട മറുവശം.

അവിട കൂലിപ്പണിക്കാരും ഡോബികളും കുതിരവണ്ടിക്കാരും ഇടതിങ്ങി താമസിക്കുകയാണെന്ന് അയാൾക്ക് തോന്നി.

നാലഞ്ചു കാളവണ്ടികളും ഒരു ലോറിയും പാതയുടെ ഓരത്തു നിർത്തിയിട്ടുണ്ട്. തെല്ലകലെ പട്ടികൾ ശണ്ഠകൂടുന്ന ശബ്ദം കാതിലലച്ചു.

അയാൾ ഒരു ഒഴിഞ്ഞ പീടികക്കോലായിൽ കയറിയിരുന്നു. ഒരു ബീഡി കത്തിച്ചു. അതിന്നു തൊട്ടടുത്ത് ഒരു പീടികയുടെ ഒരു നിരപ്പലകമാത്രം തുറന്നുവെച്ചത് അയാൾ ശ്രദ്ധിച്ചു. ആ വിടവിലൂടെ ഒരു മങ്ങിയ വെളിച്ചം പാതയിലേക്ക് വളരെ പ്രയാസപ്പെട്ടു കടന്നു വന്നിരുന്നു.

യാത്രക്കാരൻ പാതയിലേക്ക് നോക്കി. അങ്ങകലെനിന്ന് ആരോ മൂന്നുപേർ നടന്നുവരുന്നുണ്ട്.

അയാൾ വളരെ പതുക്കെ ഒരു സംസാരം കേട്ടു. അത് തൊട്ടടുത്ത പീടികമുറിയിൽനിന്നായിരുന്നു.

“എടീ കുട്ട്യോളൊക്കെ റെങ്ങ്യോ”

“ഉം...”

“അവറ്റക്ക് വല്ലോം തെളപ്പിച്ച് കൊടുത്തോ നിയ്യ്...”

“ഇങ്ങള് ഒന്നും അറ്യാത്ത മട്ടി

ലാണല്ലോ ചോദിക്ക്ണ്. ഞാൻ എന്തു കൊടുക്കാനാണ്..."

ഒരു പുരുഷനും സ്ത്രീയുമാണ്. അമ്മയും അച്ഛനുമാവും. പിന്നീട് അല്പനേരത്തേക്ക് ശബ്ദമില്ല. വീണ്ടും നേർത്ത ശബ്ദത്തിൽ തുടങ്ങി.

"ഒക്കേറ്റിനും കാരണം നീയാണ് മൂധേവി!!"

പുരുഷന്റെ പരുഷസ്വരം...! ആ ശബ്ദം തുടർന്നു.

"മനുഷേര് വല്ലോരും വരണേങ്കി, നീയ്യിങ്ങനെ അടച്ചുപൂട്ടിയിരുന്നാ മതിയോ..."

"ഇങ്ങക്ക് തൊള്ളപൊളിക്കാനേ അറിള്ളു വല്ലോരേം കൂട്ടികൊണ്ടാരാന്നില്ലേ..." അവൾ തിരിച്ചടിച്ചു.

അയാൾക്ക്, ആ സംസാരത്തിൽനിന്ന് ഒന്നും മനസ്സിലായില്ല. പാതയിലേക്ക് വെറുതെ കണ്ണയച്ചു.

അപ്പോൾ അകലെ കണ്ടവർ അടുത്തെത്തി കഴിഞ്ഞിരുന്നു.

പുറത്ത് ശബ്ദം കേട്ടപ്പോൾ പീടികക്കുള്ളിൽനിന്നും ഒരാൾ പുറത്തേക്ക് വന്നു. നേർത്ത വെട്ടത്തിൽ പീടികക്കുള്ളിൽനിന്നും പുറത്തുവന്ന മനുഷ്യനെ അയാൾ



ശ്രദ്ധിച്ചു. ക്ഷീണിച്ചുണങ്ങിയ ഒരു മനുഷ്യക്കോലം! ഇയാളാണോ അകത്തുനിന്നും സംസാരിച്ചത്.

ആ മനുഷ്യൻ റോഡിൽക്കണ്ട മൂന്നുപേരോട് എന്തോ കുശുകുശുക്കുന്നതു കേട്ടു.

"... ഇപ്പോ സൌകര്യണ്ടൊ?"

ആഗതരിൽ ഒരാൾ പതിയെ പറയുന്നു.

"... കുറച്ചൂടി കഴിഞ്ഞോട്ടെ... പാതേലെ തെരക്കൊന്ന് കഴിഞ്ഞോട്ടെ..." ആ മനുഷ്യന്റെ മറുപടി.

"അതു പറ്റില്ല കുറച്ചുകൂടി കഴിഞ്ഞാൽ പോലീസുകാരുടെ ബീറ്റുണ്ടാകും. പ്രത്യേകിച്ച് ഇന്ന് മന്ത്രി വന്നതും മറ്റുമാണ്." ആഗതരിൽ മറ്റൊരാൾ.

ആ മനുഷ്യക്കോലം അകത്തേക്കു പോയി...

അകത്തുനിന്നും അടക്കിയ സ്വരം

"എടീ... രണ്ടുമൂന്നുപേര് വന്നിട്ടുണ്ട്. കുട്ട്യേള്ക്ക് കുരുത്തംണ്ട്..."

"ഉം..."

"...അവരെ വിളിക്കട്ടെ..."

"... നിക്ക് തീരെ സൊഖല്യാന്ന് നിങ്ങക്കറീല്ലേ..."

"സുഖല്യാന്ന് പറഞ്ഞോണ്ടിരുന്നാ കുട്ട്യോള് ചത്തുപോവും..."

"... എന്നാ വിളിച്ചോളിൻ..."

"... നിയ്യ് പായ്യും എടുത്ത് ആ ചായ്പിലേക്ക് ചെല്ല്..."

അല്പം കഴിഞ്ഞ് തുറന്നുവെച്ച നിരപലകയ്ക്കുള്ളിലൂടെ ആ മൂന്നു പേരും അകത്തേക്ക് കയറുന്നത് യാത്രക്കാരൻ കണ്ടു.

അതുകണ്ട് അയാൾ ഞെട്ടി. ഇരിക്കപൊറുതിയില്ലാതെ എഴുന്നേറ്റു. ആ പീടിക കടന്നുപോകുമ്പോൾ അകത്തേക്ക് പാളിനോക്കി. ഒരു കീറപായിൽ ശോഷിച്ച മൂന്നു കുട്ടികൾ മലർന്നു കിടന്നുറങ്ങുന്നു; തെല്ലകലെ ഒരു മണ്ണെണ്ണവിളക്ക് കത്തുന്നു; ആ വിളക്കു മുക്കാലും മറച്ചുകൊണ്ട് ആ മനുഷ്യ ജീവി ഇരുന്നു ബീഡി വലിക്കുന്നു.

പിന്നീട് ചില ദീനമായ ശബ്ദങ്ങൾ മാത്രം;.

"നിയ്ക്ക് വയ്യ! ന്റെ ഈശ്വരൻമാരെ...!!!"

യാത്രക്കാരൻ വലിഞ്ഞു നടന്നു. അയാൾ മുൻസിപ്പാലിറ്റി ബസ്സ് സ്റ്റാന്റിൽ വന്നിരുന്നു. നേരം വെളുക്കാൻ ഇനി അല്പംകൂടിയെ ഉള്ളു. അയാൾ അത്രയും സമയം സർക്കാരിന്റെ ജന നിയന്ത്രണ ത്തെപ്പറ്റിയും നിർബന്ധനിക്ഷേപ പദ്ധതിയെപ്പറ്റിയുമുള്ള പരസ്യങ്ങൾ വായിച്ചു ബോധവാനായി.

നേരം വെളുത്തപ്പോൾ അയാൾക്ക് ആദ്യത്തെ ബസ്സ്തന്നെകിട്ടി. ബസ്സു കയറുമ്പോൾ ഒരു ദിനപത്രം വാങ്ങിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം വലിയ അക്ഷരങ്ങളിൽ അതിൽ തെളിഞ്ഞുകിടക്കുന്നു.

കൃഷിക്കാരിൽ കാണുന്ന പുതിയ ഉണർവ്വ് സ്വാഗതാർഹമാണ്. നാട് സ്വയംപര്യാപ്തത നേടുന്നു. താൻ സന്ദർശിച്ച സ്ഥലങ്ങളിലെ ജനങ്ങൾ ഇന്നത്തെ ഭരണത്തിൽ വളരെ സംപൃപ്തരാണെന്ന സത്യം ബോദ്ധ്യമായിരിക്കുന്നു എന്നിങ്ങനെ പലതും അയാൾ പറയുന്നുണ്ട്. ഒടുവിൽ മന്ത്രി ഒരുപദേശം നല്കിയിട്ടുണ്ട്; അതിതാണ്. എല്ലാവരും കഠിന അദ്ധ്വാനം ചെയ്യണമെന്ന്.

യാത്രക്കാരൻ മനസ്സിൽ പറഞ്ഞു. അത് ഉടനെ ചെയ്യാം.

അയാൾ പിറ്റേന്നും പത്രം വായിക്കുകയുണ്ടായി.

മൂന്നാമത്തെ പേജിൽ, ഒരറ്റത്തായി ഒരു കൊച്ചു വാർത്തയുണ്ടായിരുന്നു. അത് അയാളെ ഞെട്ടിച്ചു.

താൻ മിനിയാന്നുപോയ നഗരത്തിൽ മൂന്നു കുട്ടികളുടെ അമ്മയായ ഒരു സ്ത്രീയെ അസാന്മാർഗ്ഗിക കുറ്റത്തിന്ന് പോലീസ് അറസ്റ്റു ചെയ്ത വിവരം.



സ്പോർട്സ്



ഭാസി മലാപ്പറമ്പ്

# യുവേഫാ നേഷൻസ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് 2022-2023




യൂറോപ്യൻ വൻകരയിലെ ദേശീയ ഫുട്ബോൾ ടീമുകൾ മത്സരിക്കുന്ന "യുവേഫാ നാഷൻസ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് 2022-2023" ന്റെ പ്രാഥമിക മത്സരങ്ങൾ 2022 ജൂണിൽ "കിക്കോഫ" ചെയ്യുകയാണ്. അമ്പത്തിയഞ്ച്(55) ദേശീയ ടീമുകൾ അരങ്ങിലെത്തുന്ന ചാമ്പ്യൻഷിപ്പിൽ എ, ബി, സി, ഡി എന്നീ നാല് ഗ്രൂപ്പുകളിലായിട്ടാണ് മത്സരങ്ങൾ നടക്കുന്നത്. നാല് ടീമുകൾ വീതം ഏകപാദ ലീഗ് മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരമേഖലയുടെ സംവിധാനങ്ങൾ ഇങ്ങിനെ:

1) നാല് ദേശീയ ടീമുകൾ വീതം മത്സരിക്കുന്ന നാല് സബ്ബ് ഗ്രൂപ്പുകൾ : ടീമുകൾ 16 ദേശീയ ടീമുകൾ...

2) ഇങ്ങിനെ പതിനാറ് (16) ദേശീയ ടീമുകൾ വീതമുള്ള മൂന്ന് വിഭാഗങ്ങൾ : 16 × 3 = 48 ദേശീയ ടീമുകൾ...

3) നാലാം വിഭാഗത്തിൽ രണ്ട് ഗ്രൂപ്പുകളിലായി നാലും മൂന്നും ദേശീയ ടീമുകൾ വീതം ഏഴു ദേശീയ ടീമുകൾ

ചാമ്പ്യൻ ഷിപ്പിൽ ആകെ ടീമുകൾ : 48+7+55 അമ്പത്തി അഞ്ച് ദേശീയ ടീമുകൾ

ഗ്രൂപ്പുകളിലേക്ക് ടീമുകളെ തിരഞ്ഞെടുക്കുന്നത് 2020-' 21 ലെ ചാമ്പ്യൻഷിപ്പ് മത്സര ഫലങ്ങളുടെ അടിസ്ഥാനത്തിലാണ്.

2020-' 21 ലെ ചാമ്പ്യൻഷിപ്പിൽ സ്വന്തം ഗ്രൂപ്പുകളിൽ പ്രഥമ സ്ഥാനം കൈവരിച്ച വെയിത്സ്, ആസ്റ്റ്രീയ, ഹംഗറി, ചെക്ക് റിപ്പബ്ലിക്ക് ദേശീയ ടീമുകൾ 2022-23 ലെ 'എ' ഗ്രൂപ്പ് ലീഗിലേക്കാണ് പ്രവേശനം.

**2021 ഡിസംബർ 16 ന്ന് സ്വിറ്റ്സർലണ്ടിലെ നിയോൺ നഗരത്തിൽ സംഘടിപ്പിക്കപ്പെട്ട നറുക്കെടുപ്പിന്റെ അടിസ്ഥാനത്തിലാണ് 14 (പതിനാല്) ഗ്രൂപ്പ് ടീമുകളേയും തീരുമാനിച്ചത്. എല്ലാ ടീമുകളുടേയും ലക്ഷ്യം 'സ്വന്തം ഗ്രൂപ്പിൽ ഒന്നാം സ്ഥാനം' എന്നതു തന്നെയാണല്ലോ. ഫൈനൽ റൌണ്ടിന്റെ ഒരു വർഷം മുമ്പുതന്നെ ഗ്രൂപ്പു തലത്തിലുള്ള ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കുക എന്നതാണ് യൂറോപ്പിലെ ദേശീയ ഫുഡ്ബോൾ അസ്സോസിയേഷനുകളുടെ മുകൾ സംഘനയായ 'യുവേഫ' യുടെ തീരുമാനം.**

## യുവേഫാ നേഷൻസ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് 2020–21











### സെമി ഫൈനൽസ്

**<> മിലാൻ <> (06. 10. 21) ഇറ്റലി VS സ്പെയിൻ : 1 – 2 (0 – 2)**
**<> ടൂറിൻ <> (07. 10. 21) ബൽജിയം VS ഫ്രാൻസ് : 2 – 3 (2 – 0)**

### മൂന്നാം സ്ഥാന മത്സരം

**<> ടൂറിൻ <> (10. 10. 21) ഇറ്റലി VS ബൽജിയം: 2 – 1 (0 – 0)**

### ഫൈനൽ മത്സരം

**<> ടൂറിൻ <> (10. 10. 21) ഫ്രാൻസ് VS സ്പെയിൻ: 2 – 1 (0 – 0)**

# കവിയരങ്ങ്

## കവികുലം, കോഴിക്കോട്



മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഇ.പി. ജ്യോതിയെ കവികുലം പ്രസിഡണ്ട് മുണ്ട്യാടി ദാമോദരൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു. ഡോ. കെ.വി. തോമസ്, പി.പി. ശ്രീധരനുണ്ണി എന്നിവർ സമീപം.

രണ്ടു വർഷമായി കൊറോണക്കാലം കാരണം കൂടുവാൻ മുടങ്ങിക്കിടന്ന കവികളുടെ കൂട്ടായ്മയായ "കവികുലം" കോഴിക്കോടിന്റെ ആഭിമുഖ്യത്തിലുള്ള കവിയരങ്ങിൽ അമ്പതോളം കവികൾ ഒത്തുകൂടി. പ്രസിഡണ്ട് മുണ്ട്യാടി ദാമോദരന്റെ അദ്ധ്യക്ഷതയിൽ 06.01. 2022 വ്യാഴാഴ്ച ഇൻഡോർ സ്റ്റേഡിയത്തിൽ ചേർന്ന യോഗത്തിൽ ഡോ. കെവി തോമസ് മുഖ്യപ്രഭാഷണം നടത്തി.

കവി സമ്മേളനത്തിൽ ശ്രീധരനുണ്ണി, കെ.വി ശിവദാസ്, ഉണ്ണികൃഷ്ണൻ കാക്കൂർ, പി.എൽ. ശ്രീധരൻ, മനോമോഹനൻ നിലമ്പൂർ, ഇ.പി. ജ്യോതി, ബോസ് മലപ്പുറം, അജിത മാധവ്, ലത്തീഫ് പറമ്പിൽ, ഇ.ആർ. ഉണ്ണി, മുരളിധരൻ കൊല്ലത്ത്, കലാം വെള്ളിമാട്, മോഹനൻ കുറുമ്പോയിൽ, രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി, റുക്സാന റുക്കു, ദാമോദരൻ സൗഗന്ധികം, ആർ.കെ ഇരവിൽ, മാധവൻ പയമ്പ്ര, ആയിഷ കക്കോടി, കെ.പി. ആലിക്കുട്ടി പേരാമ്പ്ര, ഉണ്ണികൃഷ്ണൻ കായലം, റഷീദ് പാലം, ഗായത്രി കണ്ടമംഗലം തുടങ്ങിയവർ കവിതകൾ അവതരിപ്പിച്ചു.

മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഇ.പി. ജ്യോതിയെ പ്രസിഡണ്ട് പൊന്നാട അണിയിച്ചു ആദരിച്ചു.

അനീസ സുബൈദ സ്വാഗതവും ബാലചന്ദ്രൻ പുതുക്കുടി നന്ദിയും പറഞ്ഞു.

ലോകവിചാരം



പി.ആർ. നാഥൻ

# ഞാൻ ആരാണെന്നാ വിചാരം



**ഓ**രോ വ്യക്തിയും എത്ര വലിയവനാണെന്ന് അയാൾക്കു മാത്രമേ അറിയുകയുള്ളു. നാട്ടുകാർ പലപ്പോഴും അക്കാര്യം ചിന്തിക്കാറേയില്ല. കടയിൽ നിന്നും സാധനം വാങ്ങിവിയർത്തൊലിച്ചുവരുന്ന കിഴവൻ ഭീമമായ പെൻഷൻ വാങ്ങുന്നുണ്ട് എന്ന കാര്യം പലരും അറിയാറില്ല. വിദേശത്തു വലിയ തുകകൾ സമ്പാദിക്കുന്ന മക്കൾ അയാൾക്കുണ്ടെന്ന കാര്യം ശ്രദ്ധിക്കാറുപോലുമില്ല. അനുഭവിക്കുന്ന സമയത്തുമാത്രമാണ് സുഖങ്ങൾക്ക് നിലനില്പ്പുള്ളത്. ഹോട്ടലിന്റെ മുൻപിൽ ഏകനായി നില്ക്കുന്ന ന്യായാധിപനെ ആരാണ് തിരിച്ചറിയുക. അദ്ദേഹം ഔദ്യോഗികമായ സിംഹാസനത്തിൽ ഇരിക്കുന്നതു കാണുമ്പോൾ ആരും ബഹുമാനിച്ചുപോകും. ഓരോ അവസരത്തിലും നമുക്ക് അന്യരെ ബഹുമാനിക്കേണ്ടി വരും. പോലീസ് സ്റ്റേഷനിൽ ചെന്നാൽ അവിടത്തെ ഉദ്യോഗസ്ഥനെ, ബസ്സിൽ കയറിയാൽ കണ്ടക്ടറെ, സ്വന്തം കാര്യം സാധിക്കാൻ നാം ബഹുമാനിക്കുന്നതായി നടിക്കും. കാര്യം സാധിച്ചാൽ മറക്കുകയും ചെയ്യും. ഇതൊന്നുമറിയാതെ കോടീശ്വരൻ ബസ് സ്റ്റാന്റിൽ നിൽക്കുമ്പോൾ ഒരാളും തിരിച്ചറിയില്ല. കഷ്ടകാലത്തിന് ബസ്സിലാണ് കയറിയതെങ്കിൽ ഇരിക്കാൻ സ്ഥലം കിട്ടുകയില്ല. ചിലർ അവരുടെ വലുപ്പത്തെക്കുറിച്ച് മറ്റുള്ളവരെ അറിയിക്കാനായി കൂടെ ആശ്രിതരെ കരുതും. ആശ്രിതർ കാറിൽ നിന്നും ഹോട്ടലിലേക്ക് ഓടിച്ചെന്ന് വന്നിരിക്കുന്നത് ഉന്നതസ്ഥാനത്ത് ഇരിക്കുന്ന വ്യക്തിയാണെന്ന് വിവരം കൊടുക്കും.

അധികാരത്തിലിരിക്കുന്ന വ്യക്തിയാണെങ്കിൽ ഏതൊരുവനും ഭയന്നുപോകും. ഇവിടെ പ്രശ്നം അതല്ല. താൻ ആരാണെന്ന കാര്യത്തിൽ ബഹുമതികളുടേതായ ഒരു ലിസ്റ്റ് ആരുടെ മനസ്സിലും ഉണ്ടാകും. അത് അംഗീകാരങ്ങളാകാം. പദവികളാകാം. ഇതൊക്കെ വഴിയിൽ കണ്ടുമുട്ടുന്നവർ ശ്രദ്ധിക്കാറില്ല. തീവണ്ടിയിൽ കയറിയാൽ അവർക്ക് ഒന്നാം ക്ലാസ്സ് ഇരിപ്പിടങ്ങൾ റിസർവ്വ് ചെയ്തിട്ടുണ്ടാകും. അവർ ആരോടും സംസാരിക്കുകയില്ല. എതിർവശത്ത് ഇരിക്കുന്ന വ്യക്തിയുടെ മുഖത്തേക്ക് നോക്കുകപോലും ഇല്ല. അങ്ങനെ എതിർവശത്തെ മനുഷ്യനെ ശ്രദ്ധിക്കാതെ രണ്ട് രാപ്പകലുകൾ തീവണ്ടിയിലെ ഒന്നാം ക്ലാസ്സ് മുറിയിൽ യാത്രചെയ്യാൻ കഴിയുന്ന മഹാന്മാർ പണ്ടുകാലത്തുതന്നെ ധാരാളം ഉണ്ടായിരുന്നു. ഉയർന്ന ക്ലാസ്സുകളിൽ എല്ലാവരും നിശ്ശബ്ദരായിരിക്കും. എന്നോടു സംസാരിക്കാൻ യോഗ്യതയുള്ള ഒരാളും ഇവിടെ ഇല്ല എന്ന ധാരണ മനസ്സിൽ ശക്തമായിരിക്കും. ഔദ്യോഗികസ്ഥലത്ത് തന്നെ കാണാനായി ജനങ്ങൾ മണിക്കൂറുകളോളം കാത്തുനിൽക്കുന്നു. അത്തരമൊരു വ്യക്തി എങ്ങനെയാണ് തീവണ്ടിയിലെ സഹയാത്രികനോട് സംസാരിക്കുക.

സെക്കൻഡ് ക്ലാസ്സ് കമ്പാർട്ടുമെന്റിൽ തിക്കും തിരക്കും ബഹളവും സാധാരണയാണ്. പലരും വഴക്കിടും. കുറേകഴിഞ്ഞാൽ വഴക്കുകൾ മറക്കും. നിങ്ങൾ എങ്ങോട്ടാണ്? എവിടെനിന്നാണ് വരുന്നത് എന്നൊക്കെ കുശലം ചോദിക്കും. പരിചയപ്പെട്ടാലും വലുതായൊന്നും നഷ്ടപ്പെടാനില്ല. ഉയർന്ന ക്ലാസ്സുകളിലെ സ്ഥിതി അതല്ല. അവർ മസിലുപിടുത്തക്കാരനാണ്. ഈയിടെ ഏതു സാധാരണക്കാരനും ഉയർന്ന ക്ലാസ്സുകളിൽ യാത്രചെയ്യാനായി സാധിക്കാറുണ്ട്. അതിനാൽ വി.ഐ.പി

കൾ അസ്വസ്ഥരാണ്. ഫ്ളൈറ്റിൽ കൂടെയുണ്ടായിരുന്നവരൊക്കെ തരംതാണ ജോലിക്കാരായിരുന്നു എന്ന് ഉന്നതന്മാർ പണ്ടേ പറയാറുണ്ട്. സാധാരണക്കാരൻ അവരുടെ പണം കൊണ്ടും ഉന്നതന്മാർ സർക്കാർ ചിലവിലുമാണ് യാത്ര ചെയ്യുന്നത് എന്ന സത്യം മറക്കുന്നു. ഉയർന്ന ക്ലാസ്സിലെ ടിക്കറ്റ് കൈവശം വച്ച് ഞാൻ രണ്ടാം ക്ലാസ്സ് കമ്പാർട്ട്മെന്റിൽ കയറിയ അനുഭവമുണ്ട്. അവിടെയിരുന്നാൽ ആരോടെങ്കിലുമൊക്ക സംസാരിക്കാം. മസിലുപിടുത്തക്കാർ സംസാരിക്കുകയില്ല എന്നുമാത്രമല്ല, ചോദ്യങ്ങൾക്ക് മറുപടി പറയുകയുമില്ല. ഒരിക്കൽ നെടുമുടി വേണു ഒരനുഭവം പറഞ്ഞു. ദീർഘയാത്രയായതുകൊണ്ട് മുൻവശത്തിരിക്കുന്ന പ്രമാണിയെ പരിചയപ്പെടാതെ കഴിയാതെവന്നു. അദ്ദേഹം മുഖം തിരിക്കുന്നില്ല. കണ്ടഭാവമില്ല. ചോദിച്ചപ്പോൾ ആരാണെന്നു പറയാനും താല്പര്യമില്ല. വേണു ആരാണ് എന്ന് ചോദിച്ചതുമില്ല. സിനിമ കാണാത്ത ആളായിരിക്കുമെന്ന് വേണു ഊഹിക്കുകയും ചെയ്തു. തീവണ്ടി ഏതോ സ്റ്റേഷനിൽ നിന്നപ്പോൾ യാത്രക്കാർ വേണുവിനെ തിരിച്ചറിഞ്ഞ് കുശലം ചോദിക്കാൻ തുടങ്ങി. അതോടെ പ്രമാണിയുടെ മുഖം വിവർണ്ണമായി. മണിക്കൂറുകൾ കഴിഞ്ഞപ്പോൾ അദ്ദേഹം വേണുവിനോട് ചോദിച്ചു. "ഇപ്പോൾ ഏതൊക്കെ ചിത്രങ്ങളിൽ അഭിനയിക്കുന്നുണ്ട്" തന്നെ നല്ലതുപോലെ തിരിച്ചറിഞ്ഞ ഒരു വ്യക്തിയാണ് ഇങ്ങനെ മസിലുപിടുത്തക്കാരനായി ഇത്രയും നേരം ഇരുന്നത് എന്നോർത്തപ്പോൾവേണുവിന് വിഷമം.

ഇന്ദ്രജാലക്കാരൻ ആർ.കെ. മലയത്ത് വീട്ടിൽ വന്നപ്പോൾ എന്നോട് ഒരു അനുഭവം പറഞ്ഞു. ദീർഘയാത്ര. കമ്പാർട്ടുമെന്റിലെ മൗനം അസഹ്യം. എതിർവശത്തിരിക്കുന്ന വ്യക്തി എത്രയോ കൂടിയ ആളാണെന്ന് ചലനങ്ങളിലൂടെ അയാൾ വ്യക്തമാക്കുന്നുണ്ട്. അയാളുമായി ആശയവിനിമയം നടത്തുക എന്നത് എളുപ്പമല്ല. താങ്കൾ ആരാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം ഉന്നതസ്ഥാനത്തുള്ള ഒരു ഡോക്ടറാണെന്നു മാത്രം വ്യക്തമാക്കി. താൻ ഇന്ദ്രജാലക്കാരൻ മലയത്താണെന്നു പറഞ്ഞപ്പോൾ ആ നാമം കേട്ടതായി ഭാവിച്ചില്ല. മലയത്ത് അയാളോട് പറഞ്ഞു:

"താങ്കൾ ഒരു സഹായം ചെയ്യാമോ? എന്റെ ഭാര്യ കുറച്ച് അപ്പുറത്താണ്. താങ്കൾ ആ ബർത്തിലേക്ക് മാറിയയാൽ ഞങ്ങൾക്കത് സൗകര്യപ്രദമായിരുന്നു. അതും ലോവർ ബർത്താണ്."

ക്രൂരമായ മൗനത്തിനു ശേഷം മറുപടി.

"നിങ്ങളുടെ ഭാര്യ ഇങ്ങോട്ടു വന്നുകൊള്ളട്ടെ. ഞാൻ അവളെ ബലാൽസംഗം ചെയ്യുകയോ പീഡിപ്പിക്കുകയോ ചെയ്യില്ല. ഞാൻ സീറ്റ് മാറില്ല."

ഈ പദപ്രയോഗങ്ങൾ അനവസരത്തിലാണെന്ന് നമുക്കെല്ലാം തോന്നുന്നതുപോലെ മലയത്തിനും തോന്നി എന്നാണ് പറയുന്നത്. മലയത്ത് പറഞ്ഞത്രെ, "ഏതായാലും ഭാര്യയെ ഇങ്ങോട്ട് വിളിക്കുന്നില്ല. നിങ്ങൾ മാന്യനാണെന്ന് പറഞ്ഞെങ്കിലും കിഡ്നി അടിച്ചുമാറ്റുമോ എന്ന പേടി എനിക്കുണ്ട്."

പിന്നീട് ആ യാത്രയിൽ മലയത്ത് അദ്ദേഹവുമായി സംസാരിച്ചില്ല. അവനവന്റെ വലുപ്പം മറ്റുള്ളവർ വേണ്ടുംവിധം മനസ്സിലാക്കാതെ വരുമ്പോൾ വല്ലാത്തൊരു അസ്വസ്ഥതയുണ്ട്. യാത്രാവേളകളിലാണ് ആ സങ്കടം പ്രമാണിമാർ ഏറെ അനുഭവിക്കുന്നത്. ■

കവിത

പൂനൂർ കെ. കരുണാകരൻ



# ശുഭരാത്രി

**രാക്കറുപ്പായി**
**പ്പടരുമമാവാസി-**
**രാത്രിയിൽ, ദിക്കുകൾ**
**കൺപൂട്ടി നില്ക്കവേ,**
**വരളുന്ന നെഞ്ചി-**
**ലെരിഞ്ഞണഞ്ഞീടുന്ന**
**തിരിനാളമുള്ളിൽ**
**കൊടും ശാപമാകവേ,**
**ആത്മഹർഷങ്ങൾ**
**നിറംകെട്ടു, പിന്നെയു-**
**മാവർത്തനങ്ങളാ**
**ലാടിയലയവേ,**
**ഓരോ കുരുക്കിലും**
**കേൾക്കാതെ പോവുന്നൊ-**
**രോരോചിരിയിലു**
**മാശയർപ്പിപ്പൂ ഞാൻ.**
**ജീവനിൽ പൂക്കുന്ന**
**സ്വപ്നസൌഭാഗ്യത്തെ**
**നാവിലെയക്ഷര-**
**പുണ്യമാക്കുന്നു ഞാൻ.**
**കാലടിവെപ്പുകൾ**
**ദുഷ്ക്കരമെങ്കിലും**
**കാഴ്ചകൾ തേടി**
**യിടറിനടപ്പൂ ഞാൻ.**


## റേഡിയോ

**ലോ**കപ്രശസ്ത ശാസ്ത്രജ്ഞൻ "മാർക്കോണി 1874–1937" റേഡിയോ കണ്ടുപിടിച്ചത് ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കും അക്കാലത്ത് അനുഗ്രഹമായി ഭവിക്കുകയുണ്ടായി. വാർത്താവിനിമയ രംഗത്ത് അത്രമാത്രമൊന്നും പുരോഗതി പ്രാപിച്ചിട്ടില്ലാത്ത മുഴുവൻ ലോകരാജ്യങ്ങളും മാർക്കോണിയുടെ റേഡിയോ രണ്ടു കൈകളും നീട്ടി സ്വീകരിച്ചു. വിജ്ഞാനവും കലയും സംഗീതവും സാഹിത്യവും ഇലട്രോണിക്ക്സ് വാർത്താളഗംല ഉപയോഗങ്ങളും അക്കാലഘട്ടങ്ങളിൽ സാധാരണ ജനങ്ങൾക്ക് അന്യം നിൽക്കുന്ന സമയം. രാജാവിന്റെ സദസ്സുകളിൽ മാത്രം കണ്ടു വന്നിരുന്ന വിനോദങ്ങളും സന്തോഷങ്ങളും. പിന്നീട് മാറിമറിഞ്ഞുവന്ന കൊല്ലങ്ങളിലും, ടെലിവിഷനോ മറ്റേതെങ്കിലും ഇലട്രോ ☞

ഓർമ്മ



ശ്രീധരനുണ്ണി





# പ്രക്ഷേപണം

**പ്ര**ക്ഷേപണം ഒരു പൊതുജന മാധ്യമമായി പ്രയോജനപ്പെടുത്താം എന്ന ചിന്തയാലാണ് ഭാരതത്തിൽ 1936 മുതൽ റേഡിയോ നെറ്റ്‌വർക്ക് തുടങ്ങുന്നത്. അതിന്റെ വിജയം 1957 ൽ ആകാശവാണി നിലവിൽ വരാൻ കാരണമായി. ബഹുജനഹിതായ ബഹുജന സുഖായ എന്നതത്രെ ഈ സ്ഥാപനത്തിന്റെ ആധാരമുദ്രാവാക്യം. പിൽക്കാലത്ത് പ്രസാർഭാരതിയും രൂപികൃതമായി. ആകാശവാണി ആരംഭിച്ചത് വിശാലമായ ഉദ്യേശലക്ഷ്യങ്ങളോടെയാണ്. രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളിത്തം വഹിക്കുക എന്ന വലിയ ലക്ഷ്യമായിരുന്നു മുന്നിൽ, പരോക്ഷമായ പിന്തുണ സാംസ്ക്കാരിക വികസനത്തിലൂടെ അത് സാധിക്കാമെന്ന് സർക്കാർ വിഭാവനം ചെയ്തു. സംഗീതം, സാഹിത്യം. കല, വാർത്താവിതരണം, വിജ്ഞാന വ്യാപനം എന്നിവയിലൂടെ സമഗ്ര വികസനം ദേശീയ സംഗീത പരിപാടി എന്നിങ്ങനെ വിവിധ മേഖലകളെ അത് കൂട്ടിയിണക്കി.

ശാസ്ത്രീയ സംഗീതത്തിനും ലളിത സംഗീതത്തിനും നാടൻ കലകൾക്കും പ്രത്യേകം വകുപ്പുകൾ–അതായത് വിജ്ഞാന വ്യാപനവും വിനോദവും ഒരേ പന്തിയിൽ വിളമ്പുക. ശാസ്ത്രബോധനവുമായി ഇത് കൂട്ടിയിണക്കുക.

കർണ്ണാടക സംഗീതവുംഉത്തരേന്ത്യൻ സംഗീതവും രബീന്ദ്ര സംഗീതവും അവിടെ കൈകോർത്തു. അതൊരു സമന്വയത്തിന് വേദിയൊരുക്കി. കലയും ശാസ്ത്രവും ഒരുമിച്ച് വികസിച്ചു എന്നർത്ഥം. അങ്ങിനെ ഭാരതത്തെ മുഴുവൻ ഒരു ചരടിൽ കോത്തിണക്കിയ ശ്രാവ്യമാധ്യമമായി ആകാശവാണി പടർന്നു പന്തലിച്ചു. പിൽക്കാലത്ത് പ്രക്ഷേപണം തുടങ്ങിയ ചലച്ചിത്രഗാനങ്ങൾ മാധ്യമത്തെ കൂടുതൽകൂടുതൽ ജനകീയമാക്കി. ഹരിതവിപ്ലവത്തിലും ധവളവിപ്ലവത്തിലും ആകാശവാണി വഹിച്ച പങ്ക് നിസ്തുലമാണ്. സാക്ഷരതാ രംഗവും സജീവമാകാൻ കാരണം മറ്റൊന്നല്ല. അങ്ങനെ സാംസ്ക്കാരിക നവോത്ഥാനത്തിന്റെ പാത വെട്ടിത്തുറന്ന ആകാശവാണി ഇന്ന് അപചയത്തെ നേരിടുകയാണോ? അങ്ങനെയും ചിന്തിക്കേണ്ടി വന്നിരിക്കുന്നു. ഒരു കാലത്ത് ഗ്രാമഗ്രാമാന്തരങ്ങളെ സജീവമാക്കിയ ഈ സ്ഥാപനം നിലനിൽക്കണം. സാംസ്ക്കാരിക സ്ഥാപനങ്ങളെ സാമ്പത്തിക ശ്രോതസ്സായിമാത്രം കാണരുത്.

ണിക്സ് മാധ്യമങ്ങളോ വലിയ രീതിയിൽ ജനങ്ങളിൽ എത്തിയിരുന്നില്ല. ടെലിവിഷനും കമ്പ്യൂട്ടറും സാധാരണക്കാരന് സ്വപ്നം കാണാൻ പറ്റാത്ത സ്ഥിതി. വെച്ചാൽ ഒതുങ്ങാത്ത വലിപ്പവും ഉയർന്ന വിലയും മൂലം ജനങ്ങളിൽ വലിയൊരു പങ്കും കമ്പ്യൂട്ടറോ ടെലിവിഷനോ കാണാൻപോലും അടുത്തെത്തിയില്ല.

ശാസ്ത്രജ്ഞർ വെറുതെ ഇരുന്നില്ല. അവർ മനുഷ്യകുലത്തിനു ആവശ്യമുള്ള കണ്ടെത്തലുകൾ നടത്താൻ പരിശ്രമം തുടർന്നുകൊണ്ടിരുന്നു. ഇന്നും തുടരുന്നു. കണ്ടെത്തലുകളെ ജനോപകാരപ്രദമാക്കുന്നതിനും മോഡൈഡറൈസേഷനും വേണ്ടി അവർ നിരന്തരം പ്രയത്നിക്കുന്നു.

റേഡിയോ മാത്രം വിനോദത്തിനും സന്തോഷത്തിനും വാർത്താവിതരണത്തിനും ഉപയോഗിച്ചുകൊണ്ടിരുന്ന അക്കാലങ്ങളെക്കുറിച്ചും റേഡിയോവിലൂടെ അനുഭവിച്ചു കൊണ്ടിരുന്ന ജനങ്ങളുടെ സന്തോഷകരമായ അനുഭവങ്ങളെക്കുറിച്ചും പറയുവാൻ വാക്കുകളില്ല. ഇന്നെല്ലാം നമുക്കുണ്ട്. അക്കാലങ്ങളിൽ ഒന്നുമില്ലായിരുന്നു എന്ന യാഥാർത്ഥ്യം ഒരു ദുഃഖമാണ്. റേഡിയോ സ്റ്റേഷനിൽ സീനിയർ ഓഫിസറായി നീണ്ടകാലം സേവനമനുഷ്ഠിക്കുകയും കവിതയെഴുത്തിലൂടെ ജനമനസ്സുകളിൽ ചിരകാലപ്രതിഷ്ഠനേടുകയും ചെയ്ത **ശ്രീ. പി.പി. ശ്രീധരനുണ്ണിയുടെ "പ്രക്ഷേപണം "** എന്ന ലേഖനത്തിലെ ഉള്ളടക്കം നമുക്കൊരു പഴയ സന്തോഷകരമായ ജീവിതനാളുകളെ ഓർയിലെത്തിപ്പിക്കുന്നു.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

കവിത



അനിൽ ചെങ്ങണാശ്ശേരി

# ഒഴിഞ്ഞ ക്ലാസ്സ് റൂമിൽ



ഒഴിഞ്ഞ ക്ലാസ്സ് റൂമിൽ
പഠിപ്പിക്കുകയെന്നത്
സുഖമുള്ളൊരനുഭൂതിയാകുന്നു
ബെഞ്ചുകളും ഡസ്ക്കുകളും
മൂകരും ദത്തശ്രദ്ധരുമായിരുന്ന്
പ്രബോധനം ശ്രവിച്ചുകൊള്ളും

സംശയ ചോദ്യങ്ങളുയർത്തുവാനോ
അനുസരണം വെടിയുവാനോ
അവർ തയ്യാറാകുന്നില്ല
ബ്ലാക്ക് ബോർഡിൽ
ചോക്കിനാൽ കുറിച്ച വാക്കുകൾ
വെളുക്കനെ ചിരിക്കുമ്പോഴും
മായ്ക്കുവാനരുതാതെ
ചുമരിൽ തൂക്കിയിട്ട ഡസ്റ്റർ
ഉറക്കം തൂങ്ങുന്നുണ്ടാവും

പുറത്ത്
വെയിലും നിഴലും
ഒളിച്ചുകളിക്കുകയോ
കാറ്റും കരിയിലകളും
അടക്കം പറയുകയോ
ചെയ്തെന്നിരിക്കാം

ഭിത്തികളുടെ നിരീക്ഷണത്തിൽ
ഒഴിഞ്ഞ ക്ലാസ്സ് റൂമിൽ
പഠിപ്പിക്കുന്ന സുഖം
ഒന്നു വേറെ തന്നെ
ഒഴിഞ്ഞ ആശയം നിറയുവോളം
ഇരുണ്ട ആശകൾ പുലരുവോളം



ചെറുകഥ



മനോജ് കെ.കെ.

# ഉച്ചാൽ



"**സു**രേഷ് എങ്ങോട്ടാ ഓടുന്നത്?"

"ഞാൻ ഒന്ന് കൊല്ലന്റെ അടുത്ത് വരെ പോകയാണ്. വീട്ടിൽ പോയിട്ട് കൈക്കോട്ടും കൊടുവാളും എടുത്തിട്ട് വേണം പോകാൻ. കുറച്ച് ധൃതിയുണ്ട്. നേരത്തെയെത്തിയില്ലെങ്കിൽ കൊല്ലൻ കട പൂട്ടി വീട്ടിൽ പോകും."

"എന്നാൽ ഞാനും വരാം. എന്റെ സൈക്കിളിൽ പോകാം നമുക്ക്"

"വേണ്ട സൈക്കിളിൽ കൈക്കോട്ടും കൊടുവാളും കൊണ്ടുപോകാൻ ബുദ്ധിമുട്ടാണ്.

"സാരമില്ല, നീ പുറകെ കയറി ഇരുന്ന് പിടിച്ചാൽ മതി. സൈക്കിൾ ഞാൻ ഓടിച്ചോളാം."

"എങ്കിൽ ശരി, സൈക്കിൾ എടുത്തിട്ട് വാ... ഞാൻ അപ്പോഴേക്കും എന്റെ സാധനങ്ങൾ എടുത്തിട്ട് വരാം."

അങ്ങിനെ ഞങ്ങൾ സൈക്കിളിൽ കൊല്ലന്റെ അടുത്തേക്ക് നീങ്ങി...

കൊല്ലന്റെ കടയിൽ എത്തി സുരേഷ് കൈക്കോട്ടും കൊടുവാളും കൊടുത്തിട്ട് പറഞ്ഞു; ഇതൊന്ന് അണച്ച് തരണം. എപ്പോൾ കിട്ടും?

കൊല്ലൻ പറഞ്ഞു ഒരു മണിക്കൂർ സമയം വേണം. നിങ്ങൾക്ക് എവിടെയെങ്കിലും പോകാനുണ്ടെങ്കിൽ പോയിട്ട് വന്നോളൂ.

ഞങ്ങൾ പരസ്പരം മുഖത്തോടുമുഖം നോക്കി...

അപ്പോഴാണ് ഞാൻ കണ്ടത് നാരാണേട്ടന്റെ ചായക്കട. കടയിൽ ചില്ല് അലമാരിക്കകത്ത് കപ്പ പുഴുങ്ങിയത് വച്ചിരിക്കുന്നു.

ഞാനുടനെ ഇട്ടിരിക്കുന്ന ഷർട്ടിന്റെ കീശ തപ്പിനോക്കി.

കീശയിൽ കൈയ്യിട്ടപ്പോൾ ഇരുപത് രൂപയുടെ നോട്ട് കണ്ടു. അതിൽ മുറുകെ പിടിച്ച് ഞാൻ സുരേഷിനോട് പറഞ്ഞു;

"നമുക്ക് നാരാണേട്ടന്റെ ചായപ്പീടികയിൽ നിന്ന് കപ്പയും ചായയും കഴിച്ചാലോ?

സുരേഷ് പറഞ്ഞു ഞാൻ അധികം കാശ് എടുത്തിട്ടില്ല. കൊല്ലന് കൊടുക്കേണ്ട കാശേയുള്ളു എന്റെ കൈയ്യിൽ.

ഞാൻ പറഞ്ഞു അത് സാരമില്ല. എന്റെ കൈയ്യിൽ ഇരുപത് രൂപയുണ്ട്. വാ... നമുക്ക് പോയി നോക്കാം.

ഞങ്ങൾ കൊല്ലനോട് ഇപ്പോൾ വാമെന്ന് പറഞ്ഞ് നാരായണേട്ടന്റെ ചായക്കടയിലേക്ക് പോയി.

ഞങ്ങൾ രണ്ടു ചായയും രണ്ടുപേർക്കും ഹാഫ് പ്ലേയിറ്റ് കപ്പയും ഓരോ പപ്പടവും ഓർഡർ ചെയ്തു സീറ്റിൽ ഇരുന്നു.

കുറച്ച് കഴിഞ്ഞപ്പോൾ ഓർഡർ ചെയ്ത ഭക്ഷണം എത്തി.

കഴിക്കുമ്പോൾ ഞാൻ സുരേഷിനോട് ചോദിച്ചു. എന്താണിത്ര തിടുക്കത്തിൽ കൈക്കോട്ടും കൊടുവാളും അണക്കാൻ വന്നത്...?

സുരേഷ് പറഞ്ഞു. "ഉച്ചാൽ" അല്ലെ വരുന്നത്. വയൽ കൊത്തി ഇളക്കി തടമെടുത്ത് വെള്ളരിയും മറ്റ് പച്ചക്കറികളും നടാനുള്ള സമയമായി.

അപ്പോളാണ് ഞാൻ ആഗമനം ചെയ്യുന്ന ഉച്ചാലിനെ കുറിച്ച് ഓർത്തത്.

ഇനിയുള്ള നാളുകൾ വീടിനടുത്തെ വയലുകൾക്ക് നല്ല ഭംഗിയാണ്. ഒരുവിധം ഉള്ള ആളുകൾ എല്ലാം വീടിനടുത്തുള്ള വയലിൽ പച്ചക്കറി വിത്തുകൾ നട്ടുവളർത്തും.

സന്തോഷത്തിന്റെ നാളുകൾ

വരവായി.

ഞങ്ങൾ ചായകുടിച്ച് കാശ് കൊടുത്ത് പുറത്ത് ഇറങ്ങി.

കൊല്ലന്റെ കടയിൽ ചെന്നു.

കൊല്ലൻ സുരേഷിന്റെ കൈക്കോട്ട് ചുടടീച്ചു കഴിഞ്ഞു.

കൊടുവാൾ തീയിലേക്കിട്ടു. പിന്നീട് ഒരു ടയർ തിരിച്ചപ്പോൾ തീകുണഠത്തിൽ നിന്ന് തീപ്പൊരി പറന്നു.

കൊടുവാൾ അതിൽ ചുട്ടു പഴുത്തു. കൊല്ലൻ ചുറ്റികയെടുത്ത് അടിച്ച് കൊടുവാൾ പരത്തി മൂർച്ച വെപ്പിച്ചു.

കാണാൻ നല്ല രസം. തീപ്പൊരി പറക്കുമ്പോൾ വിഷുവിന് പൂത്തിരി കത്തിക്കുന്നതുപോലെ തോന്നി.

അപ്പോഴേക്കും സമയം വൈകി സന്ധ്യയായി. ഞങ്ങൾ കൊല്ലന്റെ ആലയിൽനിന്ന് മടങ്ങി വീട്ടിലെത്തി.

പിറ്റേന്ന് രാവിലെ വയലിൽ ചെന്നു നോക്കി.

നേരം പുലരുമ്പോഴേക്കും എല്ലാവരും വയൽ കിളക്കാൻ തുടങ്ങിയിരിക്കുന്നു.

കൂട്ടത്തിൽ സുരേഷും ഉണ്ട്.

എല്ലാവരും നിലംകൊത്തി മറിച്ചിടുന്നു.

ഒരു ഉത്സവപ്രതീതിപോലെ തോന്നി.

ഇളം മഞ്ഞുമൂടിയ അന്തരീക്ഷത്തിൽ ഒരു നിഴൽ പോലെ കൈക്കോട്ട് ഉയർന്ന് താഴുമ്പോൾ വല്ലാത്ത ഒരു അനുഭവമായി.

രണ്ടുദിവസം രാവിലെ പോയി നോക്കി.

അതിനടുത്ത ദിവസം വൈകുന്നേരം അതു വഴിപ്പോയപ്പോൾ വയലിൽ കൊത്തിയിളക്കിയ സ്ഥലത്ത് തടമെടുത്ത് ചവലകൾ കൂട്ടിയിട്ട് തടത്തിൽ തീകൊടുത്ത് തടത്തിലെ കീടങ്ങളെ നശിപ്പിക്കുന്നു.

വയൽ അന്തരീക്ഷം മുഴുവൻ പുകകൊണ്ട് മൂടിയിരിക്കുന്നു.

സന്ധ്യയായപ്പോൾ എല്ലാവരും പിരിഞ്ഞുപോകുവാൻ ഒരുങ്ങി. അപ്പോഴേക്കും കൂടത്തിലെ തീയണഞ്ഞിരുന്നു.

ഇതെല്ലാം നടന്നത് മൂന്ന് പതിറ്റാണ്ടി ന് മുൻപ്.

ഇന്ന് സുരേഷിനെ കാണാനില്ല. എവിടെയാണ് എന്ന് അറിയില്ല.

വയൽ നിന്ന സ്ഥലത്ത് കൂടെ എൻ.എച്ച്. 47 കുറുകെ മുറിഞ്ഞ് കടന്നു പോയി.

ഇന്ന് വയലുകൾ എൻ.എച്ച്. 47 വീതി കൂടിയ റോഡും, റോഡിൽ തിങ്ങിനിറഞ്ഞ വാഹനങ്ങളുടെ പോക്കും ചുറ്റും കോൺക്രറ്റ് കെട്ടിടങ്ങളും ചേർന്ന് നഗരമായി മാറിയിരിക്കുന്നു.

എനിക്ക് ഇപ്പോൾ ഒരേഒരു ചിന്തമാത്രം.

എങ്ങിനെയെങ്കിലും നല്ല വഴിക്ക് കുറച്ച് കാശ് സമ്പാദിച്ച് കുറച്ച് സ്ഥലം വാങ്ങിക്കണം. നഷ്ടപ്പെട്ട പഴയ ജീവിതം തിരികെകൊണ്ട് വരണം. പ്രകൃതിയൊടൊപ്പം നിന്ന് ജീവിതം സന്തോഷമാക്കണം.

ഈശ്വരൻ എന്തല്ലാം ചെയ്യുന്നു. ഒന്നിനും ഒരു കണക്കും വെക്കുന്നില്ല. സർവ്വചരാചരങ്ങളേയും വെവ്വേറെ സൃഷ്ടിച്ച് ഒന്നും ഒരു പ്പോലെയാവാതെ ഓരോന്നിനും ഓരോ സ്വഭാവവും രൂപവും നൽകി വ്യത്യസ്തത കൈവരിപ്പിക്കുന്നു. തന്റെ രൂപകല്പനക്കിടയിൽ ഈശ്വരൻ ആർക്കും ഒരു പരാതി വരുത്താതെ ജോലിചെയ്യുന്നു. ഈശ്വരന്റെ ഈ സൃഷ്ടിയെല്ലാം അനുഭവിക്കുന്ന മനുഷ്യർക്കോ എന്നും പരാതി മാത്രം. തന്നെക്കൊണ്ടാവുന്ന കാര്യങ്ങൾ ചെയ്യാതെ എന്തിനും ഏതിനും മറ്റുള്ളവരെ പഴിചാരുന്നു. ഇതിന്റെ പരിണിതഫലം നമ്മൾ മനുഷ്യന്മാർ തന്നെ ഇന്ന് അനുഭവിക്കുന്നു. നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സർവ്വയാതനകളും വേദനകളും മനുഷ്യനിർമ്മിതം. എല്ലാം വേർതിരിച്ച് അറിയുവാനുള്ള കഴിവ് മനുഷ്യന് മാത്രം. എന്നാൽ പ്രവൃത്തിയോ ഹീനം. നാമെങ്ങോട്ടേക്കാണ് പോകുന്നത് എന്നറിയില്ല. വിവേകം നമുക്ക് തന്നിരിക്കുന്നത് എന്തിന്? സർവ്വനാശത്തിലേക്ക് നയിക്കാനോ? അതോ വരുംതലമുറയെ സുരക്ഷിതമാക്കാനോ. ആലോചിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽകൂടി ആലോചിക്കേണ്ടിയിരിക്കുന്നു. സമയമിനി അധികമില്ല. ചിന്തിക്കാനും നല്ലത് പ്രവർത്തിക്കാനുമുള്ള സമയം അതിക്രമിച്ചിരിക്കുന്നു. നമ്മൾ ഒരിക്കൽകൂടി നമ്മുടെ കാരണവന്മാരുടെ ജീവിതശൈലിയിലേക്ക് മടങ്ങേണ്ടിയിരിക്കുന്നു. അവരുടെ ജീവിത ശൈലി തിരിഞ്ഞുനോക്കേണ്ടിയിരിക്കുന്നു. ■

**കവിത**

കെ.പി. യൂസഫ് പെരുമ്പാവൂർ



# ക്യൂരിയോസിറ്റി

**അമ്പലത്തിൽ നിന്ന്**
**ദേവന്മാരും**
**പള്ളിയിൽ നിന്ന്**
**പടച്ചോനും**
**ചർച്ചിൽ നിന്ന്**
**യേശുദേവനും**
**ആകാശത്തു നിന്ന്**
**സൂര്യനും ചന്ദ്രനും**
**ദേവലോകത്തു നിന്ന്**
**ദേവേന്ദ്രനും**
**കൈലാസത്തിലെ**
**ശിവപാർവ്വതി**
**നടനം കണ്ട്**
**നവഗ്രഹങ്ങളോട്**
**സന്തോഷമറിയിച്ചു.**

**ഭൂമിയിൽ നിന്ന് മനുഷ്യർ**
**അപ്പോളോയും**
**ക്യൂരിയോസിറ്റിയും**
**തൊടുത്തു വിട്ട്**
**പ്രാപഞ്ചിക**
**രഹസ്യത്തിനുറവ തേടി**
**ആകാശത്തിലെ**
**നക്ഷത്രങ്ങളും**
**ഭൂമിയിലെ**
**മിന്നാമിനുങ്ങുകളും**
**അത് കണ്ട്**
**കൺതുറന്നു.**

ചെറുകഥ



വിനീത പാലക്കോട്ട്

# ശ്രദ്ധ

**ഹോ!** എന്തൊരു ചൂട്.

ഒരു കുപ്പി വെള്ളം കുടിക്കണമെങ്കിൽ പത്ത് രൂപ വേണം. അതില്ലെങ്കിൽ എന്തു ചെയ്യും. ഒരു കാര്യം ചെയ്യാം. ബിജുവിന്റെ കൂൾബാറിൽ കയറി ഇത്തിരി തണുത്ത വെള്ളം കുടിക്കാം.

രാമനാട്ടുകര ബസ്സ സ്റ്റാന്റിൽ നിറയെ ആളുകളാണ്. പലപ്രാന്തിലുള്ളവർ. കുട്ടികൾ, വൃദ്ധന്മാർ.

വിവിധതരം വേഷവിധാനങ്ങൾ.

ബസ്സുകൾ വരുകയും പോവുകയും ചെയ്യുന്നു.

ബസ്സുകളുടെ കാതടപ്പിക്കുന്ന ശബ്ദം ചെവിയുടെ കേൾവിശക്തിയെ ബാധിക്കുമോ എന്തോ?.

കച്ചവടം കുറഞ്ഞ തുണിപീടികയിലിരുന്ന് ചിന്തിക്കാൻ അവൾക്ക് ധാരാളം സമയം.

കൊറോണ കാരണം ഒരുവിധപ്പെട്ട നല്ല ജോലിയെല്ലാം നഷ്ടമായി.

ഒരു സുന്ദരിയായ യുവതി കടയുടെ മുന്നിലൂടെ കടന്നുപോയി. അവർ ഒരു പോസ്റ്റ് ഗ്രാജ്വേറ്റാണ്. ഗവൺമെന്റ് സർവ്വീസിൽ ജോലി ലഭിച്ചിരുന്നെങ്കിൽ അവരിപ്പോൾ രജിസ്ട്രാർ പദവിയിൽ ഇരിക്കേണ്ടവരാണ്. എന്തുചെയ്യാം വിധി വൈപരീത്യം. അവരിപ്പോൾ തുണിക്കടയിൽ സെയിൽസ് ഗേളാണ്.

പോരാത്തതിന് അവിവാഹിതയും.

ബസ്സിലെ ക്ലീനർമാരും കണ്ടക്ടർമാരും ബസ്സിൽ ആളെകൂട്ടാൻ അവരുടെ ബസ്സിലെ സ്ഥലപ്പേരുകൾ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു.

ചെമ്മാട്, തിരൂർ, ഗുരുവായൂർ, തൃശ്ശൂർ, മലപ്പുറം.

കെ.എസ്.ആർ.ടി.സി ബസ്സിലെ ഡ്രൈവറും വിളിച്ചുപറയുന്നുണ്ട്;



പെരിന്തൽമണ്ണ.... പെരിന്തൽമണ്ണ... പെരിന്തൽമണ്ണ

യാത്രക്കാർ കുറവാണ്. പണ്ടത്തെ അത്രയും ആളുകളില്ല.

എന്നാലും ബസ്സുകളുടെ മത്സരയോട്ടം മാറിയിട്ടില്ല.

ഈയിടെയാണ് ഒരു ബസ്സിലെ കണ്ടക്ടറെകൂടി കയറ്റാൻ സമയമില്ലാതെ ബസ്സ് മുന്നോട്ട് എടുത്തത്.

കണ്ടക്ടർ അതുകൊണ്ട് ബസ്സ്ടയറിന് അടിയിലുമായി.

ഒരു കാൽ മുറിക്കേണ്ടി വന്നു.

ഇരുപത്തഞ്ച് വയസ്സ് പ്രായമുള്ള ഒരു ചെറുപ്പക്കാരൻ.

അയാളുടെ സ്വപ്നങ്ങളെല്ലാം പൊലിഞ്ഞു പോയില്ലേ.

ഈ അപകടങ്ങൾ കുറക്കാൻ എന്തു ചെയ്യണം എങ്ങിനെ പ്രവർത്തിക്കണം.

പുരുഷന്മാരാണ് കൂടുതൽ അപകടത്തിൽപ്പെടുന്നത്.

"ചേച്ചി ആലോചിച്ചിരിക്കയാണോ? ഒരു ചുരിദാർ ടോപ്പ് വേണമല്ലോ."

പെട്ടന്നാണ് ഒരു കസ്റ്റമർ വന്ന് ചിന്തയിൽനിന്നുണർത്തിയത്.

വിവിധ വർണ്ണങ്ങളിലും ഡിസൈനുകളിലും ഉള്ള ചുരിദാർ ടോപ്പുകൾ കാണിച്ചു കൊടുത്തു.

എല്ലാം നല്ലതും മിതമായ നിരക്കിലുള്ളതും.

മുന്നൂറ്റി ഒമ്പത് രൂപ വിലയുള്ള ഒരു ചുരിദാർ ടോപ്പ് അവർ എടുത്തു.

ഈ ബസ്സ്സ്റ്റാന്റിൽ കൂടുതലും തുണിക്കടകളാണ്. തുണിക്കടകളിൽ ജോലി ചെയ്യുന്നതിൽ അധികം പേരും സ്ത്രീകളും.

ഒരു കറുത്ത പൂച്ചക്കുട്ടി റോഡിലൂടെ അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുന്നു.

രാമനാട്ടുകര ബസ്സ്സ്റ്റാന്റിൽ റോഡ് ക്രോസ്സ് ചെയ്യാൻ നല്ല ശ്രദ്ധവേണം.

ഒരിക്കൽ കോഴിക്കോട് എരഞ്ഞിപ്പാലത്ത് ഒരു ഏവിയേഷൻ കോളേജിൽ ഇന്റർവ്യൂവിന് പോയ കാര്യം ഓർത്തു.

അന്ന് റോഡ് ക്രോസ്സ് ചെയ്യാൻ നന്നെ വിഷമിച്ചു.

ജീവനും കൊണ്ട് ഓടുകയായിരുന്നു.

ആ ജോലി തരപ്പെട്ടില്ല. നഴ്സറി ടീച്ചറുടെ ഒഴിവുണ്ടെന്ന് പത്രപരസ്യം കണ്ട് അപേക്ഷിച്ചത് പിന്നീടാണ്.

ഇന്റർവ്യൂവിന് ഹാജരാകാൻ കത്തുവന്നു.

ബിലാത്തകുളത്ത് ബസ്സിറങ്ങിയപ്പോൾ സംശയാസ്പദമായി ഒരു വെളുത്ത കാർ നിർത്തിയിട്ടിരിക്കുന്നതു കണ്ടു.

ശ്രദ്ധിച്ചു റോഡ് ക്രോസ്സ് ചെയ്തു.

പിന്നീട് ഒരു ഇട റോഡിലൂടെ പൊയ്ക്കൊണ്ടിരുന്നപ്പോൾ ഒരു ചുവന്ന കാർ പെട്ടെന്ന് അമിതവേഗത്തിൽ ചീറിപാഞ്ഞു വരുന്നതു കണ്ടു.

ഞാൻ റോഡിന് നടുക്ക്.

ഒരു സെക്കന്റിൽ ഒരലർച്ചയോടെ ഓടി റോഡ് കടന്നു.

വിയർത്ത് കുളിച്ചുപോയി.

ഇനി ഇന്റർവ്യൂവിനൊന്നും പോകുന്നില്ല എന്ന് അന്ന് തീരുമാനിച്ചു.

ഇപ്പോൾ സ്വസ്ഥം, സുഖം ഈ തുണിഷോപ്പിൽ.

താര പരിചയം

# കലാമണ്ഡലം കെ.ടി. ലളിത

നക്ഷത്രരാജ്യം ലേഖകൻ






**കേ**രള കലാമണ്ഡലത്തിൽ നിന്നും നൃത്തത്തിൽ ഡിപ്ലോമ നേടിയ ഒരു നൃത്തപ്രതിഭയും നൃത്താധ്യാപികയുമാണ് കലാമണ്ഡലം ശ്രീമതി കെ.ടി. ലളിത. സ്വർണ്ണ ലിപികളിൽ രാജകീയമായ 25 വർഷം. ഇപ്പോൾ കോഴിക്കോട്ടെ ചെറുവണ്ണൂർ മഹാത്മ കോളേജിന്റെ പോഷക ഘടകമായ "നടരാജ നൃത്ത സംഗീത വിദ്യാലയ"ത്തിൽ നൃത്ത വിഭാഗം മേധാവിയായി പ്രവർത്തിച്ചു വരികയാണ്. 3-ാം ക്ലാസ്സ് മുതൽ നൃത്തം അഭ്യസിച്ചു തുടങ്ങി. നൃത്തത്തിൽ ഉപരിപഠനത്തിനായാണ് കേരള കലാമണ്ഡലത്തിൽ അഡ്മിഷന് അപേക്ഷിച്ചത്. മികവുറ്റ ഡാൻസ് കലാകാരിയായ ലളിതക്ക് അപേക്ഷിച്ച വർഷത്തിൽ തന്നെ അഡ്മിഷൻ ലഭിച്ചു. കലാമണ്ഡലത്തിൽ നിന്നും "ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി" എന്നി ശാസ്ത്രീയ നൃത്ത രൂപങ്ങളിൽ വിദഗ്ദപരിശീലനം നേടി. ഗുരു ഗോപിനാഥിന്റെ പ്രഥമ ശിഷ്യ, ഭാനുമതി ചെല്ലപ്പൻ പിള്ള, കലാമണ്ഡലം സത്യവ്രതൻ മാസ്റ്റർ എന്നിവരിൽനിന്നും കേരളനടനവും അഭ്യസിച്ചു. അഞ്ചോളം നൃത്തശില്പങ്ങൾ കമ്പോസ് ചെയ്തിട്ടുണ്ട് ഈ നൃത്തകലാകാരി.

കിഴുവലത്ത് താഴത്ത് ആണ്ടിക്കുട്ടിയുടേയും മുടപ്പിലാവിൽ ലക്ഷ്മിയുടേയും മകളും ചേറൂൽകുന്നത്ത് ഹനീഷ് എന്നവരുടെ ഭാര്യയുമാണ് ശ്രീമതി ലളിത.

## വിവാഹിതരായി



**വരൻ**
**സന്ദീപ് ടി.വി.**
S/O. (Late) പുരുഷോത്തമൻ
കരിങ്ങാളി പറമ്പ്, കോട്ടൂളി.

**വധു**
**സൗപർണ്ണിക**
D/O. (Late) വാസു
കരിമ്പയിൽ, രാരോത്ത് മുക്ക്
(കിനാലൂർ), ബാലുശ്ശേരി

ഇവർ തമ്മിലുള്ള വിവാഹം 2021 ഡിസംബർ 26 ഞായറാഴ്ച കോട്ടൂളി തൃക്കോവിൽ മഹാവിഷ്ണു ക്ഷേത്രത്തിൽ വെച്ചു നടന്നു.

കവിത

രേവതി എളേടത്ത്

## മോഹം



എൻ മനസ്സിലുമുണ്ടായിരുന്നു-
[redacted] പല മോഹങ്ങൾ
പലർക്കായി ഒതുക്കിവെച്ച ചില ആശകൾ.
ഒതുങ്ങി ഒതുങ്ങി ചിതൽപുറ്റിലായവ
താളുകൾക്കിടയിലെ മയിൽപീലി
പെറ്റുവോയെന്നൊന്നു കണ്ണെത്തി നോക്കീടാൻ
ഇടയ്ക്കിടെ എനിക്കു മാത്രമായൊന്ന്-
താലോലിക്കാൻ ഒന്നു കൊതിക്കാൻ
വെറുതെയൊന്നോമനിച്ചിടാൻ
ആ കാശത്തെ ചന്ദ്രനായ് മോഹിച്ച ബാല്യവും
ജീവിതത്തിൽ ഇണയ്ക്കായി കൊതിച്ച കൗമാരവും
സ്വപ്നങ്ങൾക്ക് ചിറകുമുളയ്ക്കാൻ-
[redacted] ആശിച്ച യൗവ്വനവും
ഇന്നൊരു പാഴ്മോഹമായി.
ഇന്നീ വീടിന്റെ പിന്നാമ്പുറ മൂലയിൽ-
[redacted] ചടച്ചു കിടന്നീടുമ്പോൾ
ഈ പടുകിഴവിക്ക് കൂട്ടായി യീമോഹങ്ങൾ മാത്രം
ജീവിതമെന്ന കപട നാടകത്തിനു മുമ്പിലവൾ
ബാക്കിവെച്ച മോഹങ്ങൾ...
മോഹിക്കാൻ മാത്രമായി മോഹിച്ച മോഹങ്ങൾ...


**ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം**
കൊളത്തായ് കോംപ്ലക്സ്
പാലാഴി പാല, കോഴിക്കോട്
(Near Hilite Mall)
ഫോൺ: 9061434339, 8137860600



**ടൂൾസുകൾ വാടകയ്ക്ക്**
കട്ടിംഗ് മെഷീൻ, , സാൻഡ്രിംഗ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ, വെൽഡിംഗ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ തുടങ്ങിയ വിവിധ ടൂൾസ് മെഷീനുകൾ വാടകയ്ക്ക്.



KANSAI PAINT
Perma
KANSAI NEROLAC PAINTS LIMITED
AKSHAYA WATER PROOFING
29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com




ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

**Ammu Distributors**
Joudha Building, 5/2697, Rajeev Nagar Colony
Near Swimming Pool, Calicut - 673 004
Suresh Babu M. (Managing Partner) 9447722358
9495922358, Off : 0495-3550084
E-mail: ammudistributors01@gmail.com




**Authorised OF:** BALCO
PVC Pipes, Conduits & Solvent Cement
**From AN ISO 9001 : 2015 Company**



**വിനായക**
വെജിറ്റേറിയൻ റെസ്റ്റോറന്റ്
& കൂൾബാർ

ശ്രീവളയനാട് ക്ഷേത്രം കിഴക്കേനട, കോഴിക്കോട്
ഫോൺ : പപ്പൻ 8590264866

കഥ

ശിവദാസ് നെന്മാറ

# ആത്മശാന്തി



ഇരുൾ പേടകത്തിലെ ഗർഭസ്ഥശിശു തന്റെ കണ്ണുകൾകൊണ്ട് പുറംകാഴ്ചകൾ കണ്ടുതുടങ്ങുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുൻപുതന്നെ അഗാധമായ ചിന്തയിലാണ്ടു. ജീവശാസ്ത്ര നിയമമനുസരിച്ച് പുറത്തേയ്ക്കിറങ്ങാൻ ഇനിയും രണ്ടുമാസത്തിലേറെയുണ്ട്. അതേക്കുറിച്ചു ചിന്തിച്ചപ്പോൾ ഗർഭശ്തശിശുവിന്റെ മാനസികാവസ്ഥ പെരുവീഥിയിലൂടെ നയിക്കത്തക്കതായിരുന്നു.

"ശാസ്ത്രീയമായ ഇന്നത്തെ ചുറ്റുപാടുകളനുസരിച്ച് ഭൂമിയിലേക്കു പിറന്നുവീഴാൻ അധിക പക്ഷവും നേരത്തെയായിക്കൂടെന്നില്ല, എന്നാൽ വൈകികൂടെന്നമില്ല! ഇനിയൊരു പക്ഷേ, വൈകുകയാണെങ്കിൽ അല്പം ആശ്വാസം കിട്ടിയേനെ!"

എങ്കിലും "അൽപസുഖം അനേക ദുഃഖ" മെന്ന ചിന്തയും ആ ആശ്വാസ സ്വപ്നത്തെ അൽപ്പായുസ്സാക്കുകയാണുണ്ടായത്.

ജനനം, നേരത്തെയാകുമ്പോഴുള്ള സ്ഥിതിയെക്കുറിച്ച് ഓർക്കാൻപോലും വയ്യാത്ത അവസ്ഥയിൽ ചിന്താഗവേഷണവീഥിയിൽകടിഞ്ഞാൺവീഴത്തക്കതായി ഗർഭസ്ഥശിശുവിന് അനുഭവപ്പെട്ടു. ഭൂമിയിലേക്ക് പിറന്നുവീണ നിമിഷം തൊട്ട് മരണംവരെയുള്ള കാലയളവിലെ ജീവിതനിലപാട്, അതും ഇന്നത്തെ ചുറ്റുപാടുവച്ച് ഓർക്കുമ്പോൾ ഗർഭസ്ഥശിശുവിനെ ദുസ്സഹാവസ്ഥയെന്ന പ്രതിബന്ധം നേരിടത്തക്കതായി ഭവിച്ചു തുടങ്ങി.

ജനിച്ചാൽ അമ്മിഞ്ഞപ്പാൽ ലഭിയ്ക്കേണ്ടതിനു പകരം കുപ്പിപ്പാൽ കുടിയ്ക്കാനും ആയയുടെ സംരക്ഷണത്തിൽ ആശ്രയിക്കപ്പെടാനും സാഹചര്യമുണ്ടായേയ്ക്കുമോ?

മൂന്നും അഞ്ചും വയസ്സിനിടയ്ക്ക് സ്കൂൾ വിദ്യാഭ്യാസം ഇംഗ്ലീഷ്, മലയാളം എന്നീ മാധ്യമങ്ങളിലെ തെരഞ്ഞെടുപ്പു കാര്യത്തിൽ തർക്കിക്കുന്ന മാതാപിതാക്കളുടെ നടുവിൽ ഇടയ്ക്ക് തല്ലു കിട്ടുന്ന പാമ്പിന്റെ അവസ്ഥാ വിശേഷ മുണ്ടാകുമോ?

അതേത്തുടർന്ന് "ദൈനംദിനാധുനികതയുടെ ഭാഗമായുണ്ടാവാനിടയുള്ള പരിഷ്കൃത വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കടിമപ്പെട്ട്" ഭ്രാന്താശുപത്രയിൽ കഴിയേണ്ട സാഹചര്യം വന്നുഭവിക്കുമോ?

ഇനി അഥവാ അത്തരം കടമ്പകളെല്ലാം അതിജീവിച്ചുള്ള വിദ്യാഭ്യാസംപൂർത്തിയാക്കിയാൽത്തന്നെ ഒരു തൊഴിൽ, അതേത്തുടർന്നുള്ള ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാകുന്നതുവരെയുള്ള കാലഘട്ടത്തിൽ "എവിടെയെല്ലാം കോഴകൊടുക്കേണ്ടതുണ്ടോ, അവിടെയെല്ലാം കോഴ" എന്നുള്ള അടിച്ചേൽപ്പിക്കലിനു വിധേയമാക്കപ്പെടുന്ന ഭാവി!

മനുഷ്യന്റെ നിത്യജീവിതത്തിലെ പ്രതികരണങ്ങളും പ്രക്രിയകളും അത്യന്താധുനികതയിലൂടെ വെറുമൊരു ചാപല്യമായ കാൽക്കുലേറ്റർ, ഇലട്രോണിക്സ്, കമ്പ്യൂട്ടർ, ടെലിവിഷൻ എന്നിവയിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നവ അന്തരീക്ഷത്തിൽ ഒരു ഭാഗഭാക്കാവുകയെന്നത് തനിയ്ക്ക് ഓർക്കാൻപോലും കഴിയാത്തതല്ലേ?

പ്രത്യേകിച്ച് ഈ ഇരുൾപേടകത്തിൽ ഒതുങ്ങികഴിഞ്ഞുകൊണ്ടുള്ള ഈ ചുറ്റുപാടിൽ പോലും താൻ ആണാണോ അതോ പെണ്ണാണോ, തന്നോടൊപ്പം തുണയായിമറ്റൊരു കുഞ്ഞോ കുഞ്ഞുങ്ങളോ ഉണ്ടോയെന്നല്ലാം അറിയാനായി അച്ഛനുമമ്മയുംചേർന്ന് ഡോക്ടറെ സമീപിച്ച് അതിനുതക്കതായ സംവിധാനം തേടുന്ന ഭീകരമായ സംവിധാനം സാഹചര്യങ്ങൾപോലും എത്രയോ ദുസ്സഹമായിരിക്കയാണ്!

അതിനേക്കാളുപരി വലിയൊരു പ്രതിസന്ധിയെന്ന നിലയിൽ തന്റെ പിതൃത്വമേറ്റെടുക്കുന്ന കാര്യത്തിൽ പിതാവിന്റെ ഭാഗത്തുനിന്നുള്ള അമാന്തംകൊണ്ട്, തന്നെ ഉദരത്തിൽ പേറികൊണ്ടിരിക്കുന്ന അമ്മയുടെ ചാരിത്രശുദ്ധിയിൽ ഏതെങ്കിലും വിധത്തിലുള്ള സംശയം തോന്നി കോടതി ക്കേസ്സിനും ഡി.എൻ.എ. പരിശോധനയ്ക്കും വഴങ്ങേണ്ടതായി വരുമോ?

ഇനി ഒരു പക്ഷേ, മറ്റൊരു വൈതരണിയായി, താനെന്ന സൃഷ്ടിയുടെ കാര്യത്തിൽ തന്റെ യഥാർത്ഥ ഉടമസ്ഥാവകാശികൾ തമ്മിൽ "ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ" എന്ന ഉടമ്പടിയ്ലെ ഞാനം എത്തിചേർന്നതിന്റെ അടി

ശേഷം 35-ാം പേജിൽ

നോവലറ്റ്



12



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം

**ഘോ**ഷുമായുള്ള കൂടികാഴ്ചക്ക് അവസരം നഷ്ടപ്പെടുകയാണെന്നു മനസ്സിലാക്കിയ രൂപയുടെ മനസ്സൊന്നു പിടഞ്ഞു.

ഹൃദയത്തിന്റെ ദാഹം ശമിപ്പിക്കുവാനാവാതെ, ഇതുവരെ ഇറങ്ങി വന്നചെങ്കുത്തായ ആ ഇറക്കം നിരാശയോടെ അവസാനമായി അവൾ ഒന്നു പിന്തിരിഞ്ഞു നോക്കി.

ഇതുവരെ സ്വപ്നലോകത്ത് വിരാജിക്കുകയായിരുന്ന അവളുടെ മനസ്സിന്റെ അവശേഷിക്കുന്ന ഊർജ്ജവും വീറും നഷ്ടപ്പെടുന്ന കാഴ്ചയായി ആ നേരത്ത് കോടമഞ്ഞിന്റെ പുക പടലങ്ങളിൽ കൂടി മലയുടെ മുകളിൽ അവൾ കണ്ടത്.

കണ്ണുകളെ വിശ്വസിക്കാനാകുന്നില്ല.

പ്രതീക്ഷക്കു വിപരീതമായി ബോസും അഞ്ചാറുഗുണ്ടകളും ചേർന്ന് തോക്കും കത്തിയുമായി തങ്ങൾക്കു നേരെ മലയിറങ്ങി വരുന്നു.

അത്ഭുതപ്പെട്ടുപോയി

ബോസെങ്ങിനെ തങ്ങളുടെ സന്ദർശനോദ്യമം തിരിച്ചറിഞ്ഞു!

താഴെ അടിവാരത്തിലേക്കു നോക്കിയപ്പോൾ ചവിട്ടേറ്റു നിലംപതിച്ച പോലീസുകാരെന്നു തോന്നിപ്പിക്കുന്ന ഗുണ്ടകളഞ്ചുപേരും വീണ്ടും മുന്നിൽ നിൽക്കുന്നു.

ചെകുത്താനും കടലിനും നടുവിലാണ് രൂപയും സംഘവും.

അവർക്കു രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും അടയുകയാണ്.

ആകാശും രവീന്ദ്രയും മിന്നായം പോലെ മനസ്സിൽ രക്ഷപ്പെടാനുള്ള മാർഗ്ഗം തേടി.

ആകാശിന്റെ മനസ്സിൽ ഒരുപായം തെളിഞ്ഞു.

രവീന്ദ്രക്കു മാത്രമെ ഒളിത്താവളം അറിയൂ. മറ്റുള്ളവർക്കു ഘോഷിരിക്കുന്ന ഒളിത്താവളം അറിയുകയില്ല. ഞാനുൾപ്പെടെ കണ്ടിട്ടുമില്ല.

രവീന്ദ്രയെ എങ്ങനെയെങ്കിലും രക്ഷപ്പെടുത്തിയാൽ ഘോഷിരിക്കുന്ന ഒളിത്താവളം മനസ്സിലാക്കാൻ ആർക്കും കഴിയുകയില്ല.

പെട്ടെന്ന് രവീന്ദ്രയെ എങ്ങിനെയെങ്കിലും ആൾകൂട്ടത്തിൽ കയറ്റി വിടാൻ സാധിക്കണം.

അവർ ചികഞ്ഞാലോചിച്ചു!

വഴി കണ്ടെത്തി!

രവീന്ദ്രയുടെ നിർദ്ദേശ പ്രകാരം ആകാശും രൂപയും താഴെയുള്ള ഗ്യാംഗിനും മലമുകളിലുള്ള ബോസിനും കാണത്തക്ക വിധം താഴ്‌വാരത്തിലേക്ക് ഓടാൻ തുടങ്ങി.

ഭാഗ്യം അവരെ തുണച്ചു. പൊടുന്നനെ മൂടിക്കെട്ടിയ അന്തരീക്ഷം. മലയാകെ ഇരുൾ വ്യാപിച്ചു.

പ്രകൃതിയും അവരുടെ സഹായത്തിന് കോടമഞ്ഞായും മഴമേഘങ്ങളായും നിലകൊണ്ടു.

കോടമഞ്ഞ് കൂടിക്കൂടി വരികയാണ്. മുന്നിലേക്കുള്ള പാത കാണാനാവാതെ ഒരു മഴയുടെ ആരംഭമാണോ എന്നുപോലും സംശയിക്കത്തക്ക രീതിയിലാണ് ആകാശത്തിലെ മേഘങ്ങൾ.

രവീന്ദ്രക്കും ആകാശിനും രൂപക്കും ആശ്വാസമായി.

ജീവൻ തിരിച്ചുകിട്ടിയ ആത്മസംപൃപ്തി.

വെട്ടമില്ലാത്തപാതയിൽ കൂട്ടമായി മലയിറങ്ങി വരുന്ന തൊഴിലാളികളുടെ മറവിലായി രക്ഷപ്പെടുവാനുള്ള തന്ത്രങ്ങൾ മെനഞ്ഞു രവീന്ദ്ര ഗുണ്ടകളുടെ കൺവെട്ടത്തിൽ നിന്നും രക്ഷപ്പെട്ടു.

മലകയറി ഡിഗ്രിട്ടണിൽ എത്തുമ്പോൾ രൂപയും ആകാശും അവിടെ കാത്തുനിന്നിരുന്നു.

അവർ പെട്ടെന്നു മുന്നിൽ വന്നു നിന്ന ബസ്സിൽ കയറി ഡിഗ്രിട്ടണിൽനിന്നും രക്ഷപ്പെട്ടു.

ഡിഗ്രിട്ടണിൽ സമരവിരുദ്ധ സേന വീണ്ടും അക്രമം അഴിച്ചുവിട്ടു.

പ്ലാന്റർ റാണയുടെ മരണം താൽക്കാലികമായി അവരുടെ മനോവീര്യം കെടുത്തിയെങ്കിലും അവർ പതിന്മടങ്ങ് സംഹാരരുദ്രരായി അക്രമത്തിൽ മുഴുകി.

സമാധാനമായി നടന്നുകൊണ്ടിരുന്ന തോട്ടം മേഖലയിലെ സമരം അക്രമാസക്തമാകുന്നതിനുള്ള കരുക്കളാണ് സമരവിരുദ്ധ സേന നടത്തിയത്. കണ്ണിൽകണ്ട തൊഴിലാളികളെയെല്ലാം അവർ തല്ലിയോടിച്ചു. സമരത്തിനോട് അനുഭാവം പ്രകടിപ്പിക്കുന്നവരെയെല്ലാം അവർ മർദ്ദിച്ച് നിഷ്ക്രിയരാക്കി.

രൂപ ഹോസ്റ്റലിൽ തിരിച്ചെത്തുമ്പോൾ അച്ഛനും അമ്മയും ഹോസ്റ്റലിൽ അവളെകാത്തിരിക്കുകയായിരുന്നു.

അവളുടെ ഹൃദയം സ്പന്ദിച്ചു.

മകളെകുറിച്ച് ഉദ്കണ്ഠാകുലരാണ് ആ മാതാപിതാക്കൾ. സമ്പത്തിന്റെ നടുവിൽ സുഖലോലുപരായി ജീവിക്കേണ്ട മകൾ

**കഥ ഇതുവരെ**

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും, ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുടങ്ങി. അത് പോലീസ് ലാത്തിച്ചാർജ്ജിലാണ് അവസാനിച്ചത്. ബോസ് വീണ്ടും പ്രണയാദ്യർത്ഥനയുമായി രൂപാസെന്നിനെ കണ്ടു. പഴയതു പോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വത്തിൽ ഭക്ഷ്യക്ഷാമത്തിനെതിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കുചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. പ്ലാൻന്റർ സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. എന്നാൽ പ്ലാൻന്റർ റാണയുടെ നേതൃത്വത്തിൽ ഡാർജിംഗിലെ തോട്ടം തൊഴിലാളി സമരം പരാജയപ്പെടുത്താൻപ്രതിരോധസ്ക്വോടു രൂപികരിച്ചു പ്രവർത്തനം തുടങ്ങി. ആദ്യവട്ട പ്രവർത്തനമായി സുരേന്ദ്രപ്രസാദിന്റെ തോട്ടത്തിലെ മൂന്നു തൊളിലാളികളെ അവർ വധിച്ചു. തോട്ടം മേഖലാ തൊഴിലാളികൾ പരിഭ്രാന്തിയിലായി. റാണയെ നേരിടാനായി നേതൃത്വം തോട്ടം മേഖലയിലേക്ക് ഘോഷിനേയും സംഘത്തേയും അയച്ചു. അവർ റാണയുടെ ബംഗ്ലാവിൽ എത്തി. ഘോഷ് റാണയുടെ ബഡ്റൂമിനടുത്തെത്തി.ഏറ്റുമുട്ടലിനിടയിൽ റാണ സ്വന്തം സംഘത്തിന്റെ വെടിയേറ്റു മരിച്ചു. ഘോഷ് ഒളിവിലായി. രൂപ ഒളിവിലിരിക്കുന്ന ഘോഷിനെ കാണാൻ ഹോസ്റ്റലിൽ നിന്ന് സഹപാഠികളോട് പറയാതെ ഓട്ടോയിൽ രവീന്ദ്രയെ അന്വേഷിച്ച് അംബേദ്ക്കർ ചേരിയിലെത്തി. രവിന്ദ്രയോടൊപ്പം ഘോഷിന്റെ ഒളിത്താവളം ലക്ഷ്യം വെച്ച് ആകാശുമായി ചേർന്ന് മൂവർ സംഘം ഡിഗ്രിട്ടണിലെത്തി. ബോസിന്റെ ആളുകൾ ഇവരെ പന്തുടരുന്നുണ്ടായുന്നു.

മരണപ്പെട്ട റാണയുടെ സമരവിരുദ്ധ സ്ക്കോഡുമായി ബോസ് ചങ്ങാത്തത്തിൽ കൈകകോർത്തു.

ഘോഷിന്റെ ഒളികത്താവളത്തിലേക്ക് രവീന്ദ്രയുടെ പിന്നാലെ ചെങ്കുത്തായ തേയിലമല തോട്ടങ്ങൾക്കരികിലൂടെയുള്ള അപകടങ്ങൾ നിഞ്ഞ ചെമ്മൺ പാതയിലൂടെ രൂപയും ആകാശും കയറ്റം തുടർന്നുകൊണ്ടിരുന്നു. പൊടുന്നനെ ബോസിന്റേയും സമരവിരുദ്ധസേനയുടേയും ഒരമിച്ചുള്ളനീക്കം സംഘം മനസ്സിലാക്കി.

**(നോവലറ്റ് തുടർന്നു വായിക്കുക)**

കഴിഞ്ഞ കുറേ മാസങ്ങളായി വീട്ടിലേയ്ക്കു വരാതായി. കുഞ്ഞുനാൾ തുടങ്ങി അവളുടെ എന്താവശ്യങ്ങളും നടത്തി കൊടുക്കുമായിരുന്നിട്ടും അവൾ സഹപാഠിയായ ആ അന്യപുരുഷന് വേണ്ടി വീറോടെ വാദിച്ചതിലും അവനെയെ വിവാഹം ചെയ്യൂ എന്നു പറഞ്ഞതിലും വാശിയോടെ അയാളെ മാത്രമെ ഭർത്താവായി സ്വീകരിക്കു എന്നും പറഞ്ഞു ഒറ്റക്കാലിൽ നില്ക്കുന്നതിലും സ്നേഹനിധികളായ ആ അച്ഛനമ്മമാർക്കുള്ള വേദന അവളുടെ മനസ്സിന് താങ്ങാവുന്നതിലും അധികമായിരുന്നു.

എന്നിരുന്നാലും അവർ മകളെ തേടി വീണ്ടും എത്തിയിരിക്കുകയാണ്.

മകളുടെ ഭാവി ശോഭനമാകുന്നതിനും അവളുടെ ഇഷ്ടവും സന്തോഷവും സാധിപ്പിച്ചുകൊടുക്കുന്നതിലും എന്നും ഉത്സാഹം കാണിച്ചിരുന്ന കുടുംബം താൻമൂലം ദുഃഖിതരാകുന്നതിൽ തനിക്കും വേവലാതിയുണ്ട്. ദുഃഖമുണ്ട്. എന്നാലും തനിക്ക് പണത്തിനേക്കാളും കുടുംബത്തിനേക്കാളും മറ്റെന്തു ബൗദ്ധിക സുഖങ്ങളെക്കാളുമുപരിയാണ് ഘോഷ്.

തന്റെ ഹൃദയവും മനസ്സും വിചാരങ്ങളും തുടിക്കുന്നത് അയാൾക്കു മാത്രം വേണ്ടിയാണ്.

അയാളുമായുള്ള വിവാഹത്തിനും ആജീവനാന്ത സ്നേഹ ബന്ധത്തിനും വേണ്ടിയാണ്.

മുന്നിൽ നില്ക്കുന്ന പ്രതിബന്ധങ്ങളെയും കുടുംബബന്ധങ്ങളെയും എന്തിനേറെ അച്ഛനുമമ്മയെപ്പോലും ആ സ്നേഹത്തിനു വേണ്ടി ഉപേക്ഷിക്കുവാൻ അർപ്പണ മനോഭാവത്തോടു കൂടി തീരുമാനിച്ച ഒരു മകളുടെ മുന്നിലാണ് ആ സ്നേഹനിധികളായ തന്റെരക്ഷിതാക്കൾ വന്നുനില്ക്കുന്നതെന്നോർത്തപ്പോൾ അവൾക്കു തന്നോടുതന്നെ അസഹിഷ്ണത തോന്നിയെങ്കിലും ഘോഷിനെ കുറിച്ചുള്ള ശീതളമായ ഓർമ്മകൾ അവളെ ആനിമിഷംതന്നെ ചിന്തകളിൽ നിന്നു വേർപ്പെടുത്തി ആനന്ദലോകത്തിലെത്തിച്ചു.

അവളെ ഉദ്ദീപമായ ആ സ്വപ്നത്തിൽ നിന്നുണർത്തുംവിധം അമ്മ ദുഃഖത്തോടെ ചോദിച്ചു:

"എന്താമോളെ നീ വീട്ടിലേക്കൊന്നും വരാത്തത്? എന്താ ഞങ്ങളെല്ലാം നിനക്ക് ശത്രുക്കളേയോ. നീ വീട്ടിൽ വരാത്തതിന് ശേഷം അച്ചൻ നമ്മുടെ ബിസിനസ്സൊന്നും നേരെ നോക്കാറില്ല. തീരെ സുഖവും ഇല്ല അച്ഛന്. കമ്പനികളിൽ ചെന്നിട്ട് മാസങ്ങളായി. ചേട്ടൻമാരും ദുഃഖിതരാണ്. എന്താണ് നിനക്ക് പറ്റിയത്? നിന്റെ ഏതാഗ്രഹങ്ങൾക്കും ഞങ്ങൾ കൂടെ നിൽക്കാറില്ലേ."

അച്ഛൻ ദയനീയമായൊന്നു തന്നെ നോക്കി. എന്നിട്ട് ചോദിച്ചു.

"എന്താ നീ വീട്ടിലേക്ക് വരില്ലേ. ഞങ്ങളെയെല്ലാവരെയും നിനക്ക് വേണ്ടാതായോ?

വീണ്ടും ഒന്നാലോചിച്ച ശേഷം അമ്മയുടെ മുഖത്തേക്കുറ്റു നോക്കി എന്നിട്ട് ഇടറലോടെ വീണ്ടും തുടർന്നു.

"മോളടെ പഠിത്തം കഴിഞ്ഞാൽ നമുക്ക് വിവാഹത്തിനു വേണ്ടതെല്ലാം ചെയ്യാം. നിനക്ക് പത്രക്കാരിയാകുന്നതല്ലെ ഇഷ്ടവും സന്തോഷവും. എന്റെ മോൾക്ക് ഏതെങ്കിലും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വലിയ പത്രസ്ഥാപനത്തെ തന്നെ നമുക്ക് വിലകൊടുത്തുവാങ്ങാം.

മോൾ വീട്ടിൽ വരണം.

അവളുടെ മനോമുകരം മരവിച്ചുപോയിരുന്നു.

തന്റെ സ്വാർത്ഥമായ ആഗ്രഹങ്ങൾക്കുവേണ്ടി ജന്മം നൽകിയ അച്ചനമ്മമാരും കുടുംബവും വേദനിക്കുന്നു.

അവരോട് താനെന്ത് ഉത്തരം പറയയും.

**(തുടരും)**

കവിത

മുണ്ട്യാടി ദാമോദരൻ



# ജീവിച്ചു തീർക്കാം

“വാട്ട്സാപ്പി,ലെഫ്ബി”യിലായ് ചുരുങ്ങി
ജീവിത വട്ടം കൊറോണക്കാലം
കേൾക്കാൻ, മറുപടി ചൊല്ലുവാനായ്
കയ്യിലെണ്ണാവുന്നോർ ഫോണിലുണ്ടായി
വീട്ടിലറസ്റ്റിലാണെന്നപോലെ
കൂടുകയല്ലോ പുതിയകാലം!
തീരേ ചെറിയ വട്ടത്തിൽ നോക്കി
നേരമ്പോക്കായ മൊബെയിലിപ്പോൾ
പാരമധികം തുടർന്നു നോക്കാൻ
പാടില്ലെന്നുള്ള വിധിവരുന്നു?

ജീവിതമെത്ര ചുരുങ്ങിയാലും
ജീവിച്ചു തീർക്കുക തന്നെ നല്ലൂ.






ഓം നമഃശിവായ

# ആത്മപ്രഭാലയ
# ജപ ധ്യാന പരിശിലന സമിതി

## ഗുരുവാക്യങ്ങൾ

**ലോ**കത്തിന്റെ ഇന്നത്തെ ഈ സ്ഥിതിക്ക് കാരണമെന്ത്?

വിദ്യാഭ്യാസം ഉണ്ടായാൽ അറിവുള്ളവരാകും എന്ന ഒരു തെറ്റായ ധാരണ മിക്കവാറും എല്ലാവർക്കും ഉള്ള ചിന്തയാണ്. വിദ്യാഭ്യാസം കൊണ്ട് ഒരു മനുഷ്യനിൽ ഉണ്ടാകുന്ന കാമ ക്രോധ വ്യാമോഹങ്ങൾ, സ്വാർത്ഥത, അഹങ്കാരം എന്നിവയെ മാറ്റിയെടുക്കുവാൻ എങ്ങനെ സാധിക്കും! അറിവുള്ളതുകൊണ്ട് ഒരു മനുഷ്യന്റെ വാശിയേയും വൈരാഗ്യബുദ്ധിയേയും എങ്ങനെ നിയന്ത്രിക്കുവാൻ സാധിക്കും. തെറ്റും ശരിയും നിറഞ്ഞ, നന്മയും തിന്മയും സമമായി നിൽക്കുന്ന ഈ പ്രപഞ്ചത്തിൽ നന്മയേത്? തിന്മയേത്? തെറ്റേത്? ശരിയേത്?. ഓരോ മനുഷ്യരിലും തെറ്റും ശരിയും ഉണ്ട്. ഇങ്ങിനെയുള്ള ശരീരത്തിൽ നിന്ന് ശരിയും തെറ്റും തിരിച്ചറിയുവാൻ ഉപാതിയെന്താണ്! ഇവിടെയാണ് നമ്മുടെ ചിന്താശക്തി ഉണരേണ്ടത്. ഈശ്വരവിശ്വാസം, തത്വം, ബോധം, മാനസികപരിവർത്തനം ഉണ്ടാകേണ്ടത് ഒരു മനുഷ്യന് അനിവാര്യമാണ്. ജനസംഖ്യ കൂടിയതുകൊണ്ടോ ജനസംഖ്യ കുറഞ്ഞതുകൊണ്ടോ ഇവിടെ സംഘർഷങ്ങൾ കുറയുകയില്ല. സംസ്ക്കാരം ഇല്ലാതായാൽ സംഘർഷത്തിന് കാരണം ഉടലെടുക്കും.

ഏതൊരു രാജ്യത്തിന്റേയും നിലനിൽപ്പ് സംസ്ക്കാരത്തിലാണ്. സംസ്ക്കാരം താനെ ഉണ്ടാകുകയില്ല. ഗുരുകുല സമ്പ്രദായത്തിൽ വളർന്നാൽ മാത്രമെ യോഗ്യന്മാരായ മക്കൾ ഉണ്ടാകുകയുള്ളു. ജീവിതം എന്ന സത്യം ഒരിക്കലും ഇല്ലാതാകുന്നില്ല. ജീവിതത്തിന്റെ രഹസ്യം എന്താണെന്ന് അറിയുന്നവർക്ക് ഇഹലോകത്ത് ഒരു സങ്കടവും ഉണ്ടാകുകയില്ല. ജീവിതത്തിന്റെ സത്യം അറിയാത്തവർക്ക് എന്നും പ്രയാസങ്ങൾ തന്നെ പലവിധത്തിലും സംഭവിച്ചുകൊണ്ടിരിക്കും.

വിപ്ലവം എന്നാൽ സത്യത്തെയും ധർമ്മത്തെയും തെറ്റായി വ്യാഖ്യനിക്കലല്ല. സത്യവും ധർമ്മവും എന്താണെന്ന് തിരിച്ചറിഞ്ഞ് ഏത് പ്രകാരം സത്യത്തെയും ധർമ്മത്തെയും എങ്ങിനെ നിലനിർത്തണം എന്നും ഉള്ള മാനസിക പരിവർത്തന പ്രവർത്തനത്തിൽനിന്നുണ്ടാകേണ്ടതാണ്. ബോധമുള്ളവർക്ക് മാത്രമെ ഈ പ്രപഞ്ചത്തെ എങ്ങിനെ നിയന്ത്രിക്കണമെന്ന് ശരിയായ കാഴ്ചപ്പാട് ഉണ്ടാകുകയുള്ളു. ഈശ്വരൻ എന്ന തത്വം ഭരണാധികാരികൾ സൃഷ്ടിച്ചതല്ല. ഋഷി പാരമ്പര്യത്തിൽനിന്ന് ചക്രവർത്തിമാരിലേക്കും ചക്രവർത്തിമാരിൽ നിന്ന് രാജാക്കന്മാരിലേക്കും തിരിച്ച് ഋഷി പാരമ്പര്യത്തിലേക്കും മടങ്ങിപോകുന്ന ഒരു തത്വമാണ് ഈശ്വരൻ.

ഈ ലോകം മുഴുവൻ എന്തു സംഭവിക്കുന്നു. സ്വാർത്ഥതയും വ്യാമോഹവും അക്രമവും നിറഞ്ഞു നിൽക്കുന്നു. സത്യവും ധർമ്മവും നീതിബോധവുമെന്താണെന്ന് തിരിച്ചറിയുവാൻ കഴിയാത്തവിധം അധർമ്മത്തിന് കീഴടങ്ങിയിരിക്കുന്നു. ആരാണ് അറിവുള്ളവർ? അറിവുള്ളവന്റെ ലക്ഷണമെന്ത്?

സത്യവും ധർമ്മവും നീതി ബോധവുമുള്ളവരെ ആരും ഉപദേശിക്കേണ്ടതായ ആവശ്യമില്ല. അറിയാൻ താല്പര്യമില്ലാത്തവരെ ഉപദേശിച്ചിട്ടും കാര്യമില്ല.

ജീവിതത്തിന്റെ സത്യം അറിയുവാൻ താല്പര്യമുള്ളവർ അന്വേഷിച്ച്, പല ക്ഷേത്രങ്ങളിലും ആശ്രമങ്ങളിലും പലതരത്തിലുള്ള വേദികളിലും അവസാനം തന്റെ മനസ്സിലേക്ക് തന്നെ തിരിയുന്നു.

മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ശാന്തിയും സമാധാനവും ആണ്. ഇത് കണ്ടെത്തുവാനാണ് മനുഷ്യർ ഭക്തികൊണ്ടുദ്ദേശിക്കുന്നത്.

പ്രണാമങ്ങളോടെ...



എം. മോഹൻദാസ്,
സൂക്തനിലയം
അരീക്കോട്ട് പറമ്പ്,
പി.ഒ. കോട്ടൂളി
കോഴിക്കോട്,
ഫോൺ: 9744960052

ഗുരുദേവ സ്മൃതിയിൽ സഹകരിക്കുവാനും സംഘടിക്കുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക

## സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർപ്പണ സെന്റർ, കോവൂർ, കോഴിക്കോട്**

ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430








ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

## സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

ഫോൺ: സി.എം. സുന്ദരൻ 9388412430



**0% - Intrest Bajaj Finance**

BAJAJ FINSERV

പലിശ രഹിത വായ്പാ സൗകര്യം



സോഫസെറ്റ് - 14500 രൂപ മുതൽ
കട്ടിൽ & ബെഡ് - 16000 രൂപ മുതൽ
ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ
ഡൈനിംഗ് ടേബിൾ &
6 Nos ചെയർ (Wooden) 21900 രൂപ മുതൽ



## GLAMOUR GENTS WEAR




**Whole Sale & Retail**

**Mankave,**
**Calicut - 7**

**Mob: 9847756569, 8891901404**




**Pants, Jeans, Shirt, T. Shirts etc...**



## ശാരദ ഇൻഡസ്ട്രിയൽസ്



കാളൂർറോഡ്, മാങ്കാവ്, കോഴിക്കോട് 673 007

**Mob : 9846412070**




എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക



# സപ്തതി



## ചോയിക്കുട്ടി

(ജനനം 01.06.51)

വെങ്ങാലത്ത് ഹൗസ്
ഇരിങ്ങല്ലൂർ
കോഴിക്കോട്
ഫോൺ : 9048127897

With Best Compliments from,

**പത്മ ബഡ് മേക്കേർസ്**

**ഇരിങ്ങല്ലൂർ, കോഴിക്കോട്, – 673 014**



## ഓൾ കേരള ഷോർട്ട് ഫിലിം പുരസ്ക്കാരം ടി.എ. മടക്കലിന്

മോളിവുട് മൂവി ലൗവേഴ്സ് ഫോറവും കണ്ണൂർ സ്ക്രീൻടച്ചും ചേർന്ന് സംഘടിപ്പിച്ച ഓൾ കേരള ഷോർട്ട് ഫിലിം ലീഗ് സീസൺ–2 (കെ.എസ്.എഫ്.എൽ.) പുരസ്ക്കാരം ടി.എ. മടക്കൽ (അപ്പുണ്ണി)ക്ക് ലഭിച്ചു. കുഞ്ഞീബി എന്നഷോർട്ട് ഫിലിമിന്റെ കഥക്കും, തിരക ഥക്കുമാണ് പുരസ്ക്കാരം. പ്രത്യേകജൂറി പുര സ്ക്കാരവും ഇതിന് ലഭിച്ചു. 25 ൽ പരം നാട കങ്ങളും അതിലേറെ കവിതകളും കഥകളും നിരവധി പ്രൊഫഷണൽ നാടകങ്ങളിലെ പ്രധാനകഥാപാത്രങ്ങളും അവതരിപ്പിച്ച ടി. എ. മടക്കൽ ഊർങ്ങാട്ടിരി പഞ്ചായത്തിലെ മൂർക്കനാട് സ്വദേശിയാണ്.

പുനർ വായന

**ബ്രഹ്മരഹസ്യം**
**ഒന്നാം ഭാഗം മുഖവുര**
**പി.വി. രാഘവവാര്യർ**



സമ്പാദകൻ
രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി

# ചരിത്രത്തിന്റെ നാൾ വഴിയിലൂടെ അപൂർവ്വങ്ങളിൽ അപൂർവ്വം

ഈ ലക്കത്തിൽ രവി കൊടാപ്പള്ളി എന്ന രവീന്ദ്രരൻ യുനാനി സിന്ദൂര നിർമ്മാണ വിധിയെപ്പറ്റി സംസാരിക്കുന്നു.

“വിദ്യയുള്ളോർ ചെയ്യേണ്ട രേഖയാണിതു നഷ്ടമായ് ”
നിയമം പാലിച്ചു പോകണം ഇല്ലെങ്കിൽ ദോഷം ജനത്തിനു ലഭ്യമാം” –
രോഗം വന്നു പുളയുമ്പോൾ “വേദാന്തം നഹി... നഹി!”
“സൂചി വേധം മൂന്നെണ്ണം
എടുക്കു കൃത്യമായ് ജനം!”
ബ്രഹ്മരഹസ്യം ഗ്രന്ഥത്തിൽ പറയും വിധൗ
അനാട്ടമി പഠിക്കാത്തോർ ഇത് തൊടരുതൊട്ടുമേ!”
“മുനി ജന വചനഭ്യോ സംഗൃഹീതം യഥാവൽ
വിഷജനിത യുക്ത്യാ കല്പയിത്വാ തദർത്ഥം”
ചരകമുഖമുനീന്ദ്രൻ സമൃഗാരധ്യചിത്തേ
രചിതമിദപൂർവ്വം ഗ്രന്ഥമേതന്മനോജ്ഞം”

പി.വി. രാഘവവാര്യർ

# New Style Dresses




Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

**NAKSHATHRA SILKES & SAREES**

P.S.C. BANK BUILDING
Pantheerankave, Mob: 9400931425




SilkDesigner Sarees
Churidar Materials Kids Wears

**ന്യൂകൃപ**

എക്സ്റെ & ലബോറട്ടറി

**വയനാട് റോഡ്, Op. ഫാത്തിമ ഹോസ്പിറ്റൽ,**
കോഴിക്കോട്
**MOB : VINODINI HARIDAS 9400592584**

**ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്**




മൂരിയാട് റോഡ്, പുതിയപാലം, കോഴിക്കോട്
**ഫോൺ : മണി 9846386998**

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്, എഞ്ചിനിയറിംഗ് വർക്സ്

# DHANA LAKSHMI JEWELLERY





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
Prop : M.C. Vinodkumar : Mob : 9847070204
Shop : 2331737, Resi : 2324410

**ചികിത്സക്കും**
**ആയുർവ്വേദ ഔഷധങ്ങൾക്കും**

# കൊടാപ്പള്ളി ആയുർവ്വേദ ഫാർമസി



**Agency : KACOPS, KOTTOOLI**
**Mob : 9747868041, 9995386888**
**29/1552 A2, KOTTOOLI CENTERE**
**KOZHIKODE - 16**






പ്രമുഖ ആയുർവേദ കമ്പനികളുടെ മരുന്നുകളും
തറിമരുന്നുകളും, പ്രസവാനന്തര ഔഷധങ്ങളും
ഇവിടെ ലഭ്യമാണ്

# P.V. ENTERPRISES

DEALERS IN ELECTRICAL &
PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

# Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

# PRADEEP

**ENGINEERING AUTO MOBILES**




**Parayancheri, Kozhikode- 16**
**Mob: PRADEEP - 9746648048**

**TRESS WORK, GATE, GRILL etc**

# CAR TECH

**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



**GOVERNMENT APPROVED**
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

കഥ



മഞ്ചേരി ബാലചന്ദ്രൻ



# കൂത്തിച്ചി

അന്നാദ്യമായി ശകാരം തേവിടിച്ചി എന്ന പദപ്രയോഗത്തിലായിരിക്കുമെന്ന് അവൾക്ക് ഊഹിക്കാൻ കഴിഞ്ഞില്ല.

എളേച്ചിക്ക് മീതെയുള്ളവളെ മൂത്തച്ചി എന്ന് കേട്ടിട്ടുണ്ട്. അവരുടെ ബന്ധങ്ങൾക്കിടയിൽ മോശപ്പെട്ടവൾ എന്നർത്ഥത്തിൽ ദേഷ്യത്തോടെ ചീത്ത പറയുന്ന ശൈലി അങ്ങിനെയായിരുന്നു.

കൂത്തിച്ചി

പ്രായം ചെന്ന അമ്മായിയമ്മക്ക് എന്ത്പറ്റി

ഇപ്പോൾ അങ്ങിനെ ദേഷ്യപ്പെടാൻ കാരണം അറിയുന്നില്ല. എന്നെങ്കിലും വീട്ടിൽ കുടുംബമായി കഴിയുമ്പോൾ അനുസരിക്കാതിരിക്കുകയോ അസഭ്യമായി പെരുമാറുകയോ ചെയ്തിട്ടില്ല. അമ്മായിയമ്മയെ അനുസരിക്കാതിരുന്നിട്ടില്ല.

കുടുംബബന്ധം നല്ല നിലയിലായിരിക്കണെമെന്ന് എപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. അയൽക്കാരുമായി നല്ല സൗഹൃദ്ബന്ധം ഉണ്ടാവണം. അത്യാവശ്യത്തിന് അകലെ താമസിക്കുന്നവരല്ല അടുത്തുള്ളവരാണ് സഹായിക്കാൻ ഉണ്ടാവുക.

വർഷങ്ങൾക്ക് മുമ്പ് ഡിഗ്രിക്ക് പഠിക്കുമ്പോൾ വീട്ടിൽ കുടുംബകാര്യങ്ങൾ പറയുന്നതിനിടയിൽ അച്ഛൻ ഓർമ്മപ്പെടുത്തിയിരുന്നു.

കല്യാണം കഴിഞ്ഞ് മറ്റൊരു വീട്ടിൽ പുതുപെണ്ണായി വരുമ്പോൾ അവിടത്തെ രീതിയും ശീലങ്ങളും കണ്ടറിഞ്ഞ് ജീവിക്കണം. കുടുംബപ്രശ്നങ്ങൾ ഉണ്ടാക്കരുത്. നിസാരകാര്യം വലുതാക്കി സ്നേഹബന്ധങ്ങളെ അകറ്റി നിർത്തരുത്.

അച്ഛന്റെ മരണം കഴിഞ്ഞ് ഒരു വ്യാഴവട്ടമായിട്ടും അന്നത്തെ സദ്ഉപദേശങ്ങൾ ഇപ്പോളും മാറ്റൊലിയായി മനസ്സിൽ പ്രതിധ്വനിക്കുന്നു. കണ്ണീരിൽ കുതിർന്ന ഓർമ്മകൾ.

എൺപത് കഴിഞ്ഞ അമ്മായിയമ്മ ഉമ്മറത്ത് നിന്ന് പറഞ്ഞത് അവൾ കേട്ടിരുന്നില്ല. മുറുക്കാൻ ചെല്ലപ്പെട്ടി എടുക്കാനാണ് ആവശ്യപ്പെട്ടത്. അത് കിട്ടാതെ വന്നപ്പോൾ പിറുപിറുത്തു. പിന്നെ ദേഷ്യസ്വരത്തിൽ തേവിടിശ്ശി എന്നും...

അമ്മായിയമ്മയുടെ സ്വരത്തിൽ കാലങ്ങളുടെ അന്തരം അടങ്ങിയതു പോലെ. അവൾ മനസ്സു കൊണ്ടു പറഞ്ഞു. അമ്മായിയമ്മ എന്തുപറഞ്ഞാലും ഇനി അനുസരിക്കും. കൂടെ അച്ഛൻ നേരത്തെ പറഞ്ഞ ഉപദേശങ്ങളും. ■




# K.V. CURTAINS

CURTAIN, SOFA, CUSHION etc. WORKS

കർട്ടൻ വാഷ് ചെയ്തു കൊടുക്കുന്നു



Near Kuthiravattom Hospital, Kuthiravattom, Kozhikode - 673 016



Mob :9387421203, 9747531203











യു.എ. ഖാദർ നക്ഷത്രരാജ്യം-തകഴി പ്രഥമസാഹിത്യ അവാർഡ് പി.ആർ. നാഥനിൽനിന്നും ഏറ്റുവാങ്ങുന്നു.

# ഖാദർ പെരുമ

നക്ഷത്രരാജ്യം ലേഖകൻ




തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പു മന്ത്രി അഹമ്മദ് ദേവർ കോവിൽ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

**യു**.എ. ഖാദർ അനുസ്മരണ സമിതി, കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് മലബാറിന്റെ തനതു മിത്തുകളെയും നാട്ടാചാരങ്ങളെയും സാഹിത്യത്തിലൂടെ അനശ്വരമാക്കിയ മലയാളത്തിന്റെ എഴുത്തുകാരൻ യു.എ. ഖാദറിന്റെ 1 -ാം ചരമ വാർഷികം വിപുലമായ പരിപാടികളോടെ ഡിസംബർ 11, 12 തിയ്യതികളിൽ കോഴിക്കോട് ടൗൺഹാളിൽ ആചരിച്ചു.

യു.എ. ഖാദർ അനുസ്മരണ സമിതിയുടെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച പരിപാടികൾക്ക് 11 ന് രാവിലെ 8.30 ന് സ്ക്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഖാദർ കഥാപാത്രങ്ങളുടെ ചിത്രരചന മത്സരത്തിലൂടെ തുടക്കം കുറിച്ചു. 11 ന് രാലെ 10 ന് പരിപാടികളുടെ ഉദ്ഘാടനം തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പു മന്ത്രി അഹമ്മദ് ദേവർ കോവിൽ നിർവ്വഹിച്ചു. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് ഡോ. കദീജ മുംതാസ് അദ്ധ്യക്ഷത വഹിച്ചു. യു.എ. ഖാദറിന്റെ ഛായാചിത്രം കോർപ്പറേഷൻ മേയർ ബീനാ ഫിലിപ്പ് അനാച്ഛാദനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ എം.കെ. രാഘവൻ എം.പി., എം.കെ. മുനീർ എം.എൽ.എ., ഡെപ്യൂട്ടി മേയർ മുസാഫിർ അഹമ്മദ്, പുരുഷൻ കടലുണ്ടി (Ex M.L.A.), ജമാൽ കൊച്ചങ്ങാടി, വി.കെ.




കഥാകൃത്തും നോവലിസ്റ്റുമായ ടി. പത്മനാഭൻ പ്രഭാഷണം ചെയ്യുന്നു

അബ്ദുൾ മജിദ്, യു.എ. കുഞ്ഞഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു. മുഖ്യ അതിഥിയായി വി. ആർ. സുധീഷും പരിപാടിയിൽ സമ്മേളിച്ചു.

ഉച്ചയ്ക്ക് ശേഷം നടന്ന ഭാഷയിലെ വേറിട്ട വഴികൾ" എന്ന സെമിനാറിൽ വിവിധ വിഷയങ്ങളെ അധികരിച്ചും ഡോ. പി.കെ. പോക്കർ,



സമാപന സമ്മേളനം എം.എ. ബേബി ഉദ്ഘാടനം ചെയ്യുന്നു.

ഇ.പി. രാജഗോപാലൻ, റീജ വി., സജയ് കെ. വി. എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സെമിനാറിന്റെ ഉദ്ഘാടനം യു.കെ. കുമാരൻ നിർവ്വഹിച്ചു.

വൈകിട്ട് 6 മണിക്ക് "ഉറഞ്ഞാടുന്ന ദേശങ്ങൾ" എന്ന ഡോക്യുമെന്ററിപ്രദർശനം നടത്തി. പ്രദർശനത്തിന്റെ മുന്നോടിയായിട്ടുള്ള ആമുഖ പ്രഭാഷണം സംവിധായകൻ എൻ.ഇ. ഹരികുമാർ നിർവ്വഹിച്ചു.

12 ന് രാവിലെ 9 മണിക്ക് "ജന്മത്തിന്റെ ചങ്ങലകൾ" എന്ന ആദ്യസെമിനാറിൽ ഹാഫിസ് മുഹമ്മദ് മോഡറേറ്റർ ആയി. കെ.ഇ.എൻ. മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് വിവിധ വിഷയ



പുസ്തകപ്രകാശനം ഡോ. ഐസ്ക് ഈപ്പൻ നിർവ്വഹിക്കുന്നു. പികെ. പാറക്കടവ് ഏറ്റുവാങ്ങുന്നു. വൈശാഖൻ, ടി. പത്മനാഭൻ, സുഭാഷ് ചന്ദ്രൻ തുടഭങ്ങിയവർ വേദിയിൽ

ങ്ങളിലായി ഡോക്ടർ സുനിത ടി.വി., എം.സി. അബ്ദുൾ നാസർ എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

3 മണിക്ക് ദേശം ദേശീയത പ്രദേശികത" എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ മോഡറേറ്റർ രാജേന്ദ്രൻ എടത്തുംകര. മുഖ്യ പ്രഭാ



ഛായാചിത്രം ബഹു. മേയർ ബീനാ ഫിലിപ്പ് അനാഛാദനം ചെയ്യുന്നു ഡോ. മുനീർ എം.എൽ.എ., പുരുഷൻ കടലുണ്ടി (എക്സ് എം.എൽ.എ.), ടി.വി. ബാലൻ തുടങ്ങിയവർ

ഷണം ഡോ. കെ.പി. മോഹനൻ. തുടർന്ന് വിവിധ വിഷയങ്ങളിൽ ഡോ. എൻ.കെ. ഭരതൻ, ഡോ. കെ.എം. അനിൽ, ഷാഹിന റഫീഖ് എന്നിവർ പ്രഭാഷണം നടത്തി.

വൈകിട്ട് 3.30ന് സമാപന സമ്മേളനം എം. എ. ബേബി ഉദ്ഘാടനം ചെയ്തു. സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ അദ്ധ്യക്ഷ



എം.എ. ബേബി, ടി. പത്മനാഭൻ. സുഭാഷ് ചന്ദ്രൻ

ത വഹിച്ച സളനത്തിൽ മുഖ്യഅതിഥി ടി. പത്മനാഭൻ. സുഭാഷ് ചന്ദ്രൻ അനുസ്മരണ പ്രഭാഷണവും "മനുഷ്യാന്തരകാലത്തെ പൗരത്വം" എന്ന വിഷയത്തിൽ ടി.ടി. ശ്രീകുമാർ സ്മാരക പ്രഭാഷണവും ചെയ്തു. ചടങ്ങിൽ യു.എ. ഖാദറിന്റെ 2 പുസ്തകങ്ങളുടെ പ്രകാശനം ഐസക്ക് ഈപ്പൻ. പി.കെ. പാറക്കടവ് ഏറ്റുവാങ്ങി. എ.കെ. രമേഷ്, എ.കെ. അബ്ദുൾ ഹക്കിം, യു.എ. ഫിറോസ് എന്നിവർ സംസാരിച്ചു.

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ് ബുക്ക്സ് & സ്റ്റേഷനറി*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

*കോളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

*അസീസ് സ്റ്റേഷനറി*
*കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,*

*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)

*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)

*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)

*അബുബക്കർ സ്റ്റേഷനറി*
(പൂക്കാട്)
കോഴിക്കോട്

*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)

*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)

*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)

*വാസു സ്റ്റേഷനറി* (മാങ്കാവ്)

*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)

*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)

*പ്രമീള സ്റ്റോർ* (കോന്തനാരി)

*കേരളാ സ്റ്റോർ,* 6-ാം മൈൽ, (വെള്ളിപറമ്പ്)

*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)

*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)

*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)

*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)

*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*

*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര
തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)

*രാമദാസ് സ്റ്റോർ,* കല്ലായി റോഡ്,
(നിയർകല്ലിക്കോട്ടെ ഫ്രണ്ട്സ്, (കോഴിക്കോട്)

*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)

*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)

*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ:
04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)

*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)

*ബേബി സ്റ്റേഷനറി* (കാരന്തൂർ)

**IDE @ STORE** പറമ്പിൽബസാർ, കോഴിക്കോട്
**Phone: 9495979790, 9497209610**

## തീവണ്ടി യാത്ര കേരളത്തിൽ

(എഡിറ്റോറിയൽ പേജ് തുടർച്ച)

ക്കാർക്ക് അനുപാതമായി ഇല്ലാത്ത ഒരു സംസ്ഥാനമാണ് കേരളം. ഏറിയകൂറം സാധാരണക്കാരായ യാത്രക്കാർ യാത്ര ചെയ്യുന്ന പാസഞ്ചർ വണ്ടികൾ റെയിൽവേ യാത്രക്കാരായ സാധാരണക്കാരുടെ ഒരു അഭിമാനസ്തംഭമാണ് ഇന്നും. ഇഴഞ്ഞുനീങ്ങുന്ന തീവണ്ടിയെ "ടിക്കറ്റ് ചാർജ്ജ് കുറവി"ന്റെ ത്രാസിൽ അവർ തൂക്കുന്നു. തീവണ്ടി ചാർജ്ജ് വളരെയധികം കൂടിയ 2021-ാം മാണ്ടിൽപ്പോലും കോഴിക്കോട്ട് നിന്ന് 35 രൂപക്ക് പാലക്കാട്ടും 45 രൂപയ്ക്ക് തമിഴ്നാട്ടിലെ പോത്തന്നൂരും എത്താൻ കഴിയുന്ന പാസഞ്ചർ വണ്ടികൾ കുറച്ചൊന്നുമല്ല യാത്രക്കാർക്ക് ആശ്വാസം പകരുന്നത്. അതുകൊണ്ടു തന്നെ ഇന്ത്യൻ റെയിൽവേ പാസഞ്ചർ ട്രെയിൻ ഓടിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ ഡിവിഷനുകളിലും പാസഞ്ചർ ട്രെയിൻ ഓട്ടം പിൻവലിക്കാതെ, സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുവാനുള്ള കടമ നിയമം മൂലം സെൻട്രൽ ഗവർമ്മെണ്ടും, സെൻട്രൽ ഗവമ്മേണ്ടിൽ സ്വാധീനം ചെലുത്തി അതാത് സ്റ്റേറ്റ് ഗവർമ്മെണ്ടുകളും സംരക്ഷണമൊരുക്കേണ്ടതുണ്ട്. ആഡംബരത്തിനും അത്യാവശ്യത്തിനും കയ്യിൽ പണമില്ലാത്തവരുടെ വിമാനമാണ് വേഗതകുറഞ്ഞ പാസഞ്ചർ വണ്ടികളും ദീർഘദൂര യാത്രക്ക് ദീർഘദൂര വണ്ടികളും. ഈ കോവിഡ് മഹാമാരി കാലത്ത് പോലും പാസഞ്ചർ വണ്ടികൾ "സ്പെഷ്യൽ ട്രെയിൻ" എന്ന പേരിൽ ഓടിച്ചുകൊണ്ട് യാത്രക്കാരെ ഞെക്കിപിഴിഞ്ഞു കൊണ്ടിരിക്കുകയാണ് ഇന്ത്യൻ റെയിൽവേ എന്നു പരാതി പറയുന്നവരെ കേൾക്കാൻ ഇന്നും റെയിൽവേയോ സർക്കാറുകളോ ഒരുങ്ങുന്നില്ല എന്ന ഒരു പരിതാപസ്ഥിതി തരണം ചെയ്യുകയാണ് സമ്പന്നൻമാരല്ലാത്ത സാധാരണക്കാരായ യാത്രക്കാർ. ഇത്തരം ദുസ്ഥിതികൾ പരിഹരിക്കുകയും, റെയിൽപാത നവീകരിച്ചും ശേഷിക്കുന്ന പാത ഇരട്ടിപ്പിച്ചും യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിച്ചും സാധാരണ റെയിൽവേ യാത്രക്കാരുടെ യാത്രാ ബുദ്ധിമുട്ടുകളും പണകുറവിനാലുള്ള യാത്രാബുദ്ധിമുട്ടുകളും നികത്തുവാൻ കേന്ദ്ര-സംസ്ഥാന ഗവമ്മെണ്ടുകൾക്ക് ബാദ്ധ്യതയുണ്ട്. അതിനാൽ തന്നെ ജനകീയ സർക്കാറുകൾ സാധാരണക്കാരായ യാത്രക്കാരുടെ പണ അപര്യാപ്തതകളും യാത്രാ ബുദ്ധിമുട്ടുകളും തീർക്കട്ടെ!. പ്രത്യാശിക്കാം നമുക്ക്. ■

കവിത



# സൂര്യൻ

ചമ്പയിൽ ബാബുരാജ്

കത്തിജ്വലിക്കുന്ന സൂര്യന്റെയുള്ളിൽ
കത്താതെന്തോ ഒളിഞ്ഞിരിപ്പൂആ-
കത്താത്തതെന്തെന്നറിയുവാൻ ഞാനെന്റെ
ഉള്ളിലേക്കുള്ളിലേക്കൊളിഞ്ഞു നോക്കി
ആ കത്തുന്ന സൂര്യന്റെയുള്ളിൽ ജ്വലിപ്പിതു
തേജസാം ഈശ്വരനെന്നറിഞ്ഞീടുക
സൂര്യപ്രഭയേറ്റ് വെട്ടിതിളങ്ങുന്നതീ-
ശ്വരനെന്നറിഞ്ഞീടുക
സൂര്യനില്ലാത്ത പ്രപഞ്ചത്തിൻ
ഗതിയെന്ത് സ്ഥിതിയെന്തെന്നോർത്തീടുക
അഖണ്ഡത്തിലൊന്നുമില്ലാത്ത ചൂടിൽ
അവൻ ഒളിച്ചിരിപ്പൂ
എങ്കിലും അവനീ പ്രപഞ്ചത്തിൽ മുഴുവനും
വ്യാപിച്ചുകിടപ്പെന്നറിഞ്ഞീടുക
ഉള്ളിന്റെയുള്ളിൽ നീയൊന്നുനോക്കിയാൽ
അവിടെയും അവനുണ്ടെന്നറിഞ്ഞീടുന്നു
കത്തി ജ്വലിക്കുന്ന സൂര്യന്റെയുള്ളിൽ
കത്താതെന്തോന്നൊളിഞ്ഞിരിപ്പൂ
ആ കത്തുന്നതെന്തെന്നറിയുവാനായി ഞാൻ
എന്റെ ഉള്ളിന്റെ ഉള്ളിലേക്കൊന്നുനോക്കി

കവിത



ബിനി കിഴിശ്ശേരി

# ആർക്കറിയാം

കൂനൻ ഉറുമ്പിൻ നേതൃത്വം
തമ്മിൽ ഇടയും നേരത്തിൽ
കുഞ്ഞൻ ഉറുമ്പിൻ ദൈന്യതയിൽ
പാരിൽ വിളങ്ങും നന്മയിൽ
ഉലകം തിരിയും വേളകളിൽ
തിന്മകൾ നിറഞ്ഞ് വിളയുന്നു.

കുഞ്ഞൻ ഉറുമ്പിൻ കണ്ണുകളിൽ
ഭയത്തിൻ നിഴലുകൾ മിന്നുന്നു
എവിടേക്കാണീ ലോകത്തിൻ
ഇളകിയാടും സഞ്ചാരം!
ആർക്കറിയാം ആർക്കറിയാം
ആർക്കറിയാം കൂട്ടരെ.

**DINESH K.T.**

**Ph: 0495 2702176**
**Mob: 9946309061**
**9387425579**

# നീലഗിരി പൂജാസ്റ്റോർ

# എ.വി.എസ്. പൂജാസ്റ്റോർ

തളി റോഡ്, പാളയം, കോഴിക്കോട് - 673002

എല്ലാവിധ പൂജാസാധനങ്ങളും ഇവിടെ ലഭിക്കുന്നതാണ്.

# HASBI
## TOURS & TRAVELS



Meenchanda
Areekad
Calicut-27

**Mob: SAHIR**
**9895 999 100**
**9349 666 100**





# Yes Key Electricals & Engineering Works

**Puthiyapalam, Calicut**

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob: 9847390950
Ph: 8921569540, Resi: 9048594525

# പത്മ ബഡ് മേക്കേർസ്

ഇരിങ്ങല്ലൂർ, കോഴിക്കോട്, – 673 014
Pro. ചോയിക്കുട്ടി
ഫോൺ : 9048127897





മേൽത്തരം ഉന്നകിടക്കകൾക്ക് സമീപിക്കുക

# MANAMKULAM ENTERPRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf- 9847755130, Faras : 8943957157, 7012461655**

WHOLE SALE / Retail DEALER OF Delma Plywood (Mfg of Prestige plywood group), Oxy Plywood and PVC Boards, Green Laminates, Merina Laminates, Century Laminate, PVC Mika, Block Board, Memberina Door, Accrelic Sheet, Skin Doors etc...

# MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala

Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available

Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

# MR BAKERY & SWEETS













**PUTHIYAPALAM ROAD**
**CALICUT - 2 , Ph: 2304036**
**Mob: 9387937944**



**Fresh Snacks & Sweets**

സ്വാദിഷ്ടമായ മധുര പലഹാരങ്ങൾ, മിക്ചർ, ബനാന ചിപ്സ് , സ്നാക്സ് മിതമായ നിരക്കിൽ

21-ാം പേജ് തുർച്ച

## (ആത്മശാന്തി)

സ്ഥാനത്തിൽ കേവലം താൻ വെറുമൊരു ക്രയവിക്രയച്ചരക്കായി മാറിയേക്കുമോ?

പോരാത്തതിന് മറ്റൊരു നൂലാമാലയെന്നോണം ശാസ്ത്രകൗതുകവസ്തുവായി ക്ലോണിംഗിലൂടെ തന്റെ അപരജന്മങ്ങളെ സൃഷ്ടിച്ചുകൊണ്ട് ശാസ്ത്രലോകം വ്യാപാരശൃംഗലകൾ പോലും പടുത്തുയർത്തിയേക്കുമോ?

താൻ അറിഞ്ഞോ അറിയാതെയോ യാതൊരു തെറ്റും ചെയ്യാതെ ശിക്ഷയനുഭവിക്കുന്നത് അറിഞ്ഞും അറിയാത്ത ഭാവം നടിക്കുന്നവരാണ് പുറംലോകത്തു ജീവിക്കുന്ന മനുഷ്യജീവികളിൽ പലരും! ആ ചിന്തകൾക്കിടയിൽ ചിന്തകൾക്കുള്ളിലെ ചിന്തകളെന്ന ഉൾചിന്താശകലങ്ങളായി മറ്റു ചില ചിന്തകൾ...

ഇംഗ്ലീഷ് മീഡിയത്തിലാണെങ്കിൽ നാവിന്റെ തുമ്പിൽ നിന്നും മാതൃഭാഷയ്ക്ക് പിപൂർണ്ണ നിരോധനവും മാതൃഭാഷയിൽ അച്ഛനമ്മമാരെപ്പോലും വിളിയ്ക്കുന്നതിനു വിലക്കും നേരിടേണ്ടി വന്നേയ്ക്കുമോ? ഇനി അഥവാ, നിരോധനാജ്ഞ ഓർക്കാപ്പുറത്ത് ഏതെങ്കിലുമൊരു ദുർബലനിമിഷത്തിൽ ലംഘിക്കപ്പെടുകയാണെങ്കിൽ മൊട്ടയടിപ്പിയ്ക്കലും ഈടാക്കലും വെയിലത്തുനിർത്തലും പോലുള്ള ഏതെങ്കിലും വിധത്തിലെ ശിക്ഷയനുഭവിയ്ക്കാൻ ഇടവന്നേയ്ക്കമോ?

മനുഷ്യജീവിതത്തിലെ പലവിധത്തിലുള്ള വിഷമസന്ധികളേയും ശാസ്ത്രത്തിന് ഇന്നും കണ്ടെത്താൻ കഴിയാത്ത പ്രതിവിധിയ്ക്കു തക്കതായ മഹാവ്യാധികളേയും നേരിടേണ്ടി വന്നേയ്ക്കുമോ?

നാൾക്കുനാൾ രൂപികൃതമായിക്കൊണ്ടിരിക്കുന്ന ഇതര കക്ഷിരാഷ്ട്രീയങ്ങളിൽ, രാഷ്ട്രീയപ്പാർട്ടികളിൽ ഏതിലെങ്കിലും അംഗത്വമേറ്റെടുത്തു പ്രവർത്തിക്കേണ്ടിയും, പ്രവർത്തിച്ചുവരുന്ന രാഷ്ട്രീയത്തിൽനിന്നു പിളരേണ്ടിയും കൂറുമാറേണ്ടിയും വന്നേയ്ക്കുമോ?

ഒരുപക്ഷേ, ഭാവിയിലെ വിധിയെഴുത്തനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട് ജേതാവായി ഭരണയന്ത്രം നയിച്ചു സൽക്കർമ്മങ്ങൾ ചെയ്തുവരവെ, പെട്ടെന്നൊരു മുഹൂർത്തത്തിൽ മനുഷ്യബോംബിനാലോ, മറ്റേതെങ്കിലും കുതന്ത്രങ്ങളാലോ മരണത്തിനടിമപ്പെട്ടു കേവലം ഒരു സ്മാരകശിലയായി ഉയർന്ന് പിൽക്കാലത്ത് ആ സ്മാരകശിലയ്ക്കുപോലും നിലനിൽപ്പില്ലാത്തവിധം തേജോവധമേൽക്കാൻ ഇടയുണ്ടായേയ്ക്കുമോ?

"പെട്ടെന്ന് രാഷ്ട്രീയരംഗത്തെക്കുറിച്ചു" ചിന്തിച്ച് ഗർഭസ്ഥശിശു ഞെട്ടിത്തരിച്ചുപോയി കാരണം മണ്ണിൽ ജനിച്ചാൽ നരകതുല്യമായി അനുഭവിക്കേണ്ടതായ ഗതികേടാണ് രാഷ്ട്രീയം എന്ന തന്റേതായ ഒരു വിലയിരുത്തലെന്ന നിലയിൽ! ഗർഭസ്ഥശിശു അത്രയും സ്വയം ഗ്രഹിച്ചെടുക്കാൻ ഒട്ടും അമാന്തിച്ചില്ല! ആ ഞെട്ടലിൽനിന്നും സ്വയരക്ഷ നേടാൻ തന്റെ ശ്രദ്ധ ഒരു നിമിഷം പുറംകാഴ്ചകിലേയ്ക്കു തിരിച്ചുവിട്ടു. അന്നേരം വഴിയരികിൽ ഏതോ യാചകൻ തപ്പിൽ താളമടിച്ചുകൊണ്ട് ഒരു പ്രശസ്ത കവിയുടെ ഈരടികൾ പാടിക്കൊണ്ടുപോകുന്നതായ കാഴ്ച...!

"വെളിച്ചം ദുഃഖമാണുണ്ണി...,
തമസ്സല്ലോ സുഖപ്രദം!"

ആ ഈരടികളുടെ അന്തരാത്മാവിലേക്ക് ഗർഭസ്ഥശിശു കടന്നുചെന്നു.

"ഒരൊളിച്ചോട്ടമെന്ന നിലയിൽ ചാപ്പിള്ളയായി പിറക്കാൻപോലും ആഗ്രഹിക്കാതെ, തന്നെ വയറ്റിൽ ചുമന്നുകൊണ്ടു നടക്കുന്ന മാതാവിനെ ഇനിയും ചുമടെടുപ്പിയ്ക്കാതെ, സുഖപ്രദമായ തമസ്സിനെ വരവേറ്റുകൊണ്ടു എത്രയും വേഗം ഭൂമിയിൽ പിറന്നു വീണ് ജനനം മുതൽ മരണം വരെയ്ക്കും എല്ലാം കണ്ടും കേട്ടും മിണ്ടിയും അനുഭവിച്ചും അറിഞ്ഞുള്ള ജീവിതം നയിയ്ക്കുക. അതു മാത്രമല്ല, കാൽക്കുലേറ്ററും കമ്പ്യൂട്ടറും ടെലിവിഷനുംമറ്റിതര ഇലഗ്ട്രോണിക്സ് ഉപകരണങ്ങളും നിയന്ത്രിക്കുന്നത് മനുഷ്യൻതന്നെയെന്ന സ്ഥിതിയ്ക്ക് ഈ സത്യം ഈ കാലഘട്ടത്തിലും അനശ്വരമായും അജയ്യമായും അറിയപ്പെടുന്ന ആ അത്ഭുതശക്തിയുടെ (മനുഷ്യ ജീവിതത്തിലെ ഏതു നീക്കത്തിലും ഒരു കടിഞ്ഞാണെന്ന നിലയിൽ ദൈവത്തിന്റെ നിയന്ത്രണ പ്രക്രിയ തെളിയിക്കപ്പെടത്തക്ക വിധത്തിലുള്ള ) യാഥാർത്ഥ്യസ്ഥിതിയ്ക്കും ഭൂമിയിൽ പിറന്നു വീഴാൻ താൻമൂലം ഒട്ടുംതന്നെ അമാന്തിയ്ക്കരുതാത്തതാണ്!"

പൂർണ്ണവിരാമമിട്ട ആ ചിന്ത ഗർഭസ്ഥശിസുവിന് ആത്മശാന്തി നൽകത്തക്കതായി ഭവിയ്ക്കുമ്പോൾ ഒരു ദിവ്യാഭ ഗർഭസ്ഥശിസുവിന്റെ മനോമുകുരത്തിൽ ജ്വലിക്കുകയായിരുന്നു... ■


FOR BOOKINGS
PH : 9446152626 / 0495 - 2742626

ലക്ഷ്മി ആയുർവേദിക്സ്

(വൈദ്യരത്നം ആയുർവേദ ഫാർമസി)

പറയഞ്ചേരി ഗേൾസ് സ്ക്കൂളിന് സമീപം, കോഴിക്കോട്

ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM
Since 1941







ഡോ. എം.പി. ഈശ്വരശർമ്മ MD (AY)
(വിദഗ്ദ ആയുർവേദ ചികിത്സ ആചാര്യൻ)
Former. പ്രിൻസിപ്പൽ (കോട്ടക്കൽ ആയുർവേദ കോളേജ്)

എല്ലാ ശനിയാഴ്ചയും വൈകുന്നേരം 4 മണി മുതൽ 6 മണി വരെ രോഗികളെ പരിശോധിക്കുന്നു.

ലേഖനം



ചിത്രാപ്പാട്ട് നീലകണ്ഠൻ









# പുള്ളുവൻ പാട്ട്

അന്യം നിന്നു പോകാൻ ഇടയുള്ള ഒരു കലാരൂപമാണ് പുള്ളുവൻ പാട്ട്. എന്റെ കുട്ടിക്കാലത്ത് വീടു വീടാന്തരം പുള്ളുവനും പുള്ളുവത്തിയും തങ്ങളുടെ ദേശത്തെ വീടുകളിൽ പോയി പാട്ടു പാടുക പതിവായിരുന്നു. ആഴ്ചയിൽ ഒരിക്കലെങ്കിലും തങ്ങളുടെ ഊഴമായ പ്രദേശത്ത് പുള്ളുവക്കുടവുമായി പാടാൻ ക്ഷണിക്കുന്നവരുടെ മുറ്റത്തിന്റെ ഓരത്ത് ചമ്രംപടിഞ്ഞിരുന്ന് കുടത്തിൽ ഘടിപ്പിച്ചിരിക്കുന്ന നൂലിൽ ഒരു പ്രത്യേക ശബ്ദം ഉണ്ടാക്കി പാടാൻ തുടങ്ങും.

ചെറിയ കുട്ടികളുള്ള വീടാണെങ്കിൽ നാവൂറുപാട്ടും (കുട്ടികൾക്ക് ദൃഷ്ടി ദോഷം പെടാതിരിക്കാൻ നാവൂറുപാടിക്കുന്നത് അന്നത്തെ വിശ്വാസത്തിന്റെ ഭാഗമായി) പതിവായിരുന്നു. പൈസയ്ക്കു പകരം അരി, എണ്ണ, പപ്പടം, നാളികേരം മുതലായവ കൊടുക്കുക പതിവുണ്ട്. ഇന്ന് കേരളത്തിൽ ചില പ്രദേശങ്ങളിൽ മാത്രം ഒതുങ്ങിക്കൂടിയിരിക്കുന്ന ഒരു കലാ രൂപമായി പുള്ളുവൻ പാട്ട്. കാലം കുറച്ചു ക്കൂടി കഴിഞ്ഞാൽ "പുള്ളുവൻ പാട്ട്" ഈ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകാൻ സാധ്യതയുമുണ്ട്.

ഇന്നും പഴമക്കാരിൽ ചിലർ ഇവരെ വിളിച്ചു വരുത്തി പാട്ടുപാടിച്ച് പണവും അരിയും മറ്റും കൊടുത്തുവിടുന്നത് കാണാറുണ്ട്.

"-ഒരു കാലഘട്ടത്തിൽ ഭക്തിയും, വിശ്വാസവും, കുലതൊഴിലുമായി പുള്ളുവൻ പാട്ടിലൂടെ ജീവനോപാതി തേടിയ "പുള്ളുവർ



കുലത്തിലെ" ജനങ്ങളുടെ സാംസ്ക്കാരിക പൈതൃകം, സർക്കാർ വകുപ്പുകളിലും മറ്റെന്തെങ്കിലും തൊഴിലിലും ജീവനോപാതി തേടുന്ന ന്യൂജനറേഷനും പഴയതും ആയ ആളുകൾ ഭക്തിയും ആത്മാർത്ഥതയും മനസ്സിൽ ലവലേശം ഇല്ലാതെ, ഓണാഘോഷങ്ങളിലും കലോത്സവങ്ങളിലും മ്ലേഛമായ രീതിയിൽ അവതരിപ്പിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നതു കാണുമ്പോൾ പഴമക്കാരും വിശ്വാസികളുമായ മലയാളികൾ സങ്കടപ്പെടുമെന്നു ഞാൻ പറയുന്നത് അതിശയോക്തിയല്ല. "

21-ാം നൂറ്റാണ്ടിൽ, പൂർണ്ണമായിട്ടല്ലെങ്കിലും, അന്യം നിന്നുപോകാൻ ഏറെ സാധ്യതയുള്ള, ഇന്നത്തെ തലമുറയ്ക്ക് അർത്ഥവത്തായി അധികമൊന്നും പരിചയമില്ലാത്ത- "പുള്ളുവൻ പാട്ടിലേക്ക് " ഒന്നെത്തി നോക്കുകയാണ് ലേഖകൻ.

### പുള്ളുവൻ പാട്ട്

കേരളത്തിന്റെ തനതു പാരമ്പര്യത്തിന്റെ ഭാഗവും, പ്രാചീനവുമായ നാടൻപാട്ടു സംസ്ക്കാരത്തിൽ വേരിട്ടു നിൽക്കുന്ന ഒരു സംഗീത ശാഖയാണ് പുള്ളുവൻ



പാട്ട്. കേരളത്തിലെ ഹൈന്ദവ ജനതയുടെ അനുഷ്ഠാനങ്ങളുടെ ഭാഗമായ കാവുകളുമായി അഭേദ്യമായ ബന്ധമാണ് പുള്ളുവൻ പാട്ടിന് ഉണ്ടായിരുന്നത്.

**ഐതിഹ്യം**



പുള്ളുവൻപാട്ടിന്റെ ഉൽപ്പത്തി കേരളത്തിന്റെ അജ്ഞേയഭൂതകാലചരിത്രത്തിൽ ആണ്ടുകിടക്കുന്നു. കർണ്ണാടകസംഗീതം സോപാന സംഗീതം എന്നിവയിൽ നിന്നെല്ലാം വിഭിന്നമായ ഒരു ആലാപന രീതിയും താളവുമാണ് പുള്ളുവൻ പാട്ടുകൾക്കുള്ളത്. സർപ്പക്കാവുകളും സർപ്പപ്രതിഷ്ഠകളും ഉൾപ്പെടുന്ന ഒരനുഷ്ഠാനകലയും കൂടിയാണത്. കളമെഴുത്തുപാട്ടിൽ ഭഗവതിയാണെങ്കിൽ പുള്ളുവൻ പാട്ടിൽ നാഗത്താന്മാരാണ് ആരാധനാമൂർത്തികൾ.

ഐതിഹ്യമനുസരിച്ച്, ത്രിമൂർത്തികളുടേയും മറ്റ് ഭൂതഗണങ്ങളുടേയും നാരദൻ, സരസ്വതി, എന്നിവരുടെ സാന്നിദ്ധ്യത്തിൽ കൈലാസത്തിൽ വെച്ചാണ് **പുള്ളുവരുടെ ഉത്ഭവം.**

ശിവൻ ദർഭപ്പുല്ലിൽ നിന്ന് പുള്ളുവരെ സൃഷ്ടിച്ചു. ശിവൻ വീണയും ബ്രഹ്മാവ് കുടവും വിഷ്ണു കൈമണിയും നൽകി അവരെ അനുഗ്രഹിച്ചു. അതോടൊപ്പം സരസ്വതി സംഗീതവും നൽകി. നാരദൻ , ദേശാന്തരങ്ങൾ സഞ്ചരിച്ചു സർപ്പങ്ങളെ പ്രതിപ്പെടുത്തുന്നതിന് പുള്ളുവരെ അനുഗ്രഹിച്ചു ഭൂമിയിലേക്ക് യാത്രയാക്കി. ഇക്കഥ സൂചിപ്പിക്കുന്ന പുള്ളുവൻ പാട്ടുകളും അവരുടെ വായ്മൊഴി ശേഖരങ്ങളിൽ കാണാം. എഡ്ഗാർ തെഴ്സ്റ്റൺ രചിച്ച ദക്ഷിണേന്ത്യയിലെ ജാതി സമൂഹങ്ങൾ എന്ന ഗ്രന്ഥപരമ്പരയിൽ പുള്ളുവ സമുദായത്തെക്കുറിച്ച് വിശദമായി വിവരിച്ചിട്ടുണ്ട്.

നാഗങ്ങളുമായി ബന്ധപ്പെട്ട് മഹാഭാരതത്തിലും ഭാഗവതത്തിലും മറ്റു പുരാണങ്ങളിലുമുള്ള കഥകളാണ് മിക്ക പാട്ടിലുകളിലുമുള്ളത്. സർപ്പ ഉല്പ്പത്തി, ഗരുഡോൽപ്പത്തി, കാളീയദമനം, വിഷപരീക്ഷ, നാഗോൽസവം, പാലാഴി മഥനം, പുള്ളുവ ചരിതം തുടങ്ങിയ ഇത്തരം കഥകളാണ് ഇപ്പോൾ അവശേഷിക്കുന്ന പ്രചാരത്തിലുള്ള പാട്ടുകളിലെ പ്രമേയം. ഇത്തരം പാട്ടുകൾക്കു പുറമേ, ചെറിയകുട്ടികളുടെ "നാവൂറു പാടുക" എന്ന ഒരു ചടങ്ങും പുള്ളുവന്മാരുടെ അവകാശമായി കണക്കാക്കപ്പെട്ടിരുന്നു.

കുട്ടികൾക്ക് മറ്റുള്ളവരിൽ നിന്നും ദൃഷ്ടിദോഷം സംഭവിക്കാതിരിക്കാൻ നാവൂറു പാടിക്കണമെന്ന് വിശ്വസിക്കുന്നു. ഈ പതിവ് ഇന്നും കേരളത്തിൽ തുടരുന്നു.

**പുള്ളുവർ**

കേരളത്തിൽ നാഗാരാധനയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിപ്പോന്നിരുന്ന ഒരു ജന വിഭാഗമാണ് പുള്ളുവർ. ഇവർ ദ്രാവിഡന്മാരാണ്. ഈ വിഭാഗക്കാരുടെ പുള്ളുവൻ പാട്ട് പ്രസിദ്ധമാണ്. (1),(2)

ഐതിഹ്യമനുസരിച്ച് ത്രിമൂർത്തികളുടേയും മറ്റ് ഭൂതഗണങ്ങളുടേയും നാരദൻ സരസ്വതി എന്നിവരുടേയും സാന്നിദ്ധ്യത്തിൽ കൈലാസത്തിൽ വെച്ചാണ് പുള്ളുവരുടെ ഉത്ഭവം.

ശിവൻ ദർഭപ്പുല്ലിൽ നിന്ന് പുള്ളുവരെ സൃഷ്ടിച്ചു. ശിവൻ വീണയും ബ്രഹ്മാവ് കുടവും വിഷ്ണു കൈമണിയും നൽകി അവരെ അനുഗ്രഹിച്ചു. അതോടൊപ്പം സരസ്വതി സംഗീതവും നൽകി. നാരദൻ , ദേശാന്തരങ്ങൾ സഞ്ചരിച്ചു സർപ്പങ്ങളെ പ്രതിപ്പെടുത്തുന്നതിന് പുള്ളുവരെ അനുഗ്രഹിച്ചു ഭൂമിയിലേക്ക് യാത്രയാക്കി.

പുള്ളുവർ, ദ്രാവിഡ/ വൈഷ്ണവ സംസ്ക്കാരങ്ങളുടെ കർമ്മങ്ങളുടെ പിൻഗാമികൾ ആണെന്നും തലമുറകളായി ആചാരം കൈമാറിവരുന്നവരും ആണെന്ന് കാണാം. ഇവരെ സർക്കാർ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

കേരളത്തിലെ ഫ്യൂഡൽ ജീവിതരീതികളിലേക്ക് സാംസ്കാരിക തലത്തിൽ വളരെയേറെ ഇഴുകിച്ചേർന്നു നിൽക്കുന്ന ഒരു പ്രാദേശിക ജനവിഭാഗമാണ് ഇവർ. കേരളത്തിൽ നിലനിന്നുപോരുന്ന നാഗാരാധനയുടെ ഒരു അവിഭാജ്യഘടകമാണ് ഇവർ. കളംപാട്ടുകളിൽ ആചാര്യർ ഇവരാണ്. സർപ്പങ്ങളുടെ ഉത്പത്തിയെക്കുറിച്ച് ഹൈന്ദവ പുരാണങ്ങളിൽ പറയുന്ന കദ്രുവിന്റേയും വിനതയുടെയും കഥകളെ ഉപജീവിച്ചുള്ളതാണ് ഇവരുടെ പാട്ടുകൾ. സ്ത്രീകളും പുരുഷന്മാരും ഒരുപോലെ പാടാനുണ്ടാകും. സ്ത്രീകൾ പുള്ളുവകുടവും പുരുഷന്മാർ വീണയും വാദ്യമായി ഉപയോഗിക്കുന്നു. സാധാരണദിവസങ്ങളിൽ വീടുകൾ തോറും ചെന്ന് പാട്ടുകൾ പാടിയാണ് ഇവർ നിത്യവൃത്തി നേടിയിരുന്നത്. ചെറിയ കുട്ടികൾക്ക് ദൃഷ്ടി ദോഷം പറ്റാതിരിക്കാൻ ഇവരെക്കൊണ്ട് "നാവേർ" പാടിക്കുന്ന പതിവുണ്ട്.

സാമേന്യേന വയലിൻ (Violin) പോലെയുള്ള ഒരു താന്തി വാദ്യമാണ് ഇവരുടെ വീണ. ഒരു വില്ല് (Bow) ഉപയോഗിച്ചാണ് ഇതും വായിക്കുന്നത്. വലിയ മൺകുടം ഉപയോഗിച്ചാണ് പുള്ളുവക്കുടം ഉണ്ടാക്കുന്നത്. ഇതും ഒരു തന്തി വാദ്യമാണ്. ഇതു പാട്ടിന്ന് താളമിടാനാണ് ഉപയോഗിക്കുന്നത്.

സർപ്പങ്ങളും ആയി ബന്ധപ്പെട്ട എല്ലാവിധ കർമ്മങ്ങൾക്കും നിയോഗിക്കപ്പെട്ടവരാണ് തങ്ങ

ളെന്ന് പുള്ളുവർ വിശ്വസിക്കുന്നു അവകാശപ്പെടുന്നു.

**ഐതിഹ്യം**

കൈലാസവീണ എന്നി മൂന്ന് വാദ്യോപകരണങ്ങളുമായി ശിവകുലം നാഗഗോത്രത്തിലായി പരമശിവൻ മനുഷ്യരെ സൃഷ്ടിച്ചുവെന്നും ദർഭയിൽ നിന്നും ഉത്ഭവിച്ച ഇവരെ പുല്ലുവർ എന്ന് വിളിച്ചു പോരുകയും ചെയ്തുവെന്നാണ് ഐതിഹ്യം. പുല്ലുവർ പിന്നീട് പുള്ളുവർ ആയി. ഭൂമിയിലെ സർപ്പദൈവങ്ങളെ പാടി പ്രീതിപ്പെടുത്താനായി നിയോഗിക്കപ്പെട്ടവരാണ് തങ്ങളെന്ന് ഇവർ വിശ്വസ്ക്കുന്നു.

**പുള്ളുവൻ കുടം**

ഒരു കേരള വാദ്യോപകരണമാണ് പുള്ളുവൻ കുടം. പുള്ളുവപ്പാന എന്നും പേരുണ്ട്. മണ്ണുകൊണ്ടാണ് ഈ വാദ്യം നിർമ്മിക്കുന്നത്. മണ്ണുകൊണ്ടുണ്ടാക്കിയ കുടത്തിന്റെ അടിഭാഗം തുരന്നെടുത്തുകളയും. അവിടെ കാളക്കിടാവിന്റേയോ ഉടുമ്പിന്റേയോ തുകൽ ഒട്ടിക്കും. കുടത്തിന്റെ പകുതിയോളം ഭാഗം മൂടത്തക്കവിധമാണ് തുകൽ ഒട്ടിക്കുന്നത്. ഈ തുകൽ കുടത്തിന്റെ വായ് ഭാഗത്തേക്ക് വലിച്ച് കെട്ടും. തുകൽ ഒട്ടിച്ച ഭാഗത്ത് രണ്ട് ചെറുദ്വാരങ്ങളുണ്ടാക്കി അതിലൂടെ ചരട് കൊരുത്തുകെട്ടുന്നു. ഇതിൽ കൊട്ടിയാണ് പുള്ളുവക്കുടം വായിക്കുന്നത്.



**ഐതിഹ്യം**

അഗ്നിദേവൻ ദഹനക്കേട് മാറ്റുന്നതിനായി ഖാണ്ഡവവനം ദഹിപ്പിച്ചുകൊണ്ടിരിക്കുന്ന സമയം. പൊള്ളലേറ്റ ഒരു പാമ്പ് രക്ഷിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഒരു പുള്ളുവത്തിയുടെ അടുത്തെത്തി. പുള്ളുവത്തി പാമ്പിനെ വേഗം ഒരു കുടത്തിൽ കയറ്റി. അങ്ങിനെ പാമ്പ് തീയിൽനിന്ന് രക്ഷപ്പെടുകയും ചെയ്തു. ഇതുകണ്ട് പുള്ളുവത്തിയെ അനുഗ്രഹിച്ചു. പുള്ളുവത്തിയുടെ കുടം കൊട്ടിയാൽ പാമ്പുകളെ പ്രതിപ്പെടുത്താമെന്നായിരുന്നു അനുഗ്രഹം. ഇങ്ങനെയാണത്രെ പുള്ളുവക്കുടം എന്ന് വാദ്യമുണ്ടായത്. ■

കവിത

# അണയാവിളക്ക്



പ്രഭാകരൻ നറുകര

അഴീക്കോട്ടു പിറന്ന
സുകുമാര വിദ്യകൾ
അക്ഷരങ്ങൾ പറന്ന
അഗ്നി കനൽ ജ്വാലകൾ
തെളിഞ്ഞാകാശം മുട്ടും
കീർത്തി പ്രഭാപൂരണം
മഴമേഘ ഗർജ്ജനം
സൗദാമിനി വിഭ്രമം
വിമർശന ഗദകൾ
എഴുത്തു വഴികളിൽ
വിന്യസിച്ച ഭീമന്റെ
കർക്കശ കരുത്തുകൾ
അനീതികളധർമ്മ
മശേഷം ജീവിതത്തിൽ
സരസ്സു സൗഗന്ധികം
വിടർത്തിയ ചിന്തകൾ
ആയിരം വെൺ ചന്ദ്രനെ
വരവേറ്റ ജീവിതം
ആദർശമംബരത്തിൽ
നക്ഷത്ര പ്രശോഭകൾ
ആയുസ്സറ്റു പോകിലും
പിന്നിട്ട കാൽപ്പാടുകൾ
ആത്മാർത്ഥ സൗഹൃദങ്ങൾ
അണയാ വിളക്കുകൾ



കവിത





രജികുമാർ പുലാക്കാട്

# മരണം

അന്നും പറഞ്ഞില്ലെയെന്ന മട്ടിൽ
കൊല്ലി വീർപ്പിച്ചൊഴുകുന്നു പുഴ

എല്ലാം കഴിഞ്ഞില്ലെയെന്ന മട്ടിൽ
മെല്ലെയെത്തിച്ചു നോക്കുന്നു ചന്ദ്രൻ

ഒന്നുമറിഞ്ഞില്ലയെന്ന മട്ടിൽ
എന്നെയും കൊണ്ടുപോയീടുന്നു നീ.

ഓർമ്മ



പുരുഷൻ കടലുണ്ടി

# എസ്.കെ. സൂചനകളുടെ ആവിഷ്ക്കാരം



എഴുത്തുകാർക്ക് പ്രതിഭ മാത്രം പോരെന്നും ജീവിതാനുഭവം കൂടി വേണമെന്നും നമ്മളെ പഠിപ്പിച്ച എഴുത്തുകാരനാണ് എസ്.കെ. പൊറ്റക്കാട്.

ഒരു ദേശത്തിന്റെ കഥയിലൂടെ 1980 ൽ ജ്ഞാനപീഠ പുരസ്ക്കാരം നേടി ഭാഷയുടെ അഭിമാനം വാനോളമുയർത്തിയ പ്രിയങ്കരനായ എസ്.കെ. പൊറ്റക്കാടിന്റെ അതിരാണിപ്പാടം@50,ന്റെ ആഘോഷ തിമിർപ്പിലാണ് നമ്മൾ.

ഡിവൈഡൻ റൂൾ നടപ്പിലാക്കി ഇന്ത്യയിൽ വർഗ്ഗീയ കലാപത്തിനു വിത്തിട്ടത് ബ്രിട്ടീഷുകാരാണ്–

സ്വാതന്ത്ര്യ ലബ്ദിക്ക് മുൻപ് നെഹറുവിന്റെ കാലത്തും മൂടുപടം ധരിച്ച വർഗ്ഗീയ വാദികൾ ഉണ്ടായിരുന്നു എന്നതാണ് ചരിത്രം. ഡൽഹിയിൽ കലാപം നടന്നപ്പോൾ നെഹറു മുസ്ലീംങ്ങളുടെ സംരക്ഷണത്തിന് നിലകൊണ്ടുവത്രെ. സർദാർ വല്ലഭായ് പട്ടേലാകട്ടെ മുസ്ലീംങ്ങൾക്ക് മാത്രം എന്തു പ്രശ്നമാണുള്ളത്? എന്നും ഇന്ത്യയെ ഹിന്ദുരാഷ്ട്രമായി പ്രഖ്യപിക്കണമെന്നും ആവശ്യപ്പെട്ടു. അതാണ് ചരിത്രം.

നെഹറുവിന്റേയും ഡോക്ടർ അംബേദ്ക്കറുടേയും മറ്റും ഉറച്ച നിലപാടും പുരോഗമന പ്രസ്ഥാനങ്ങളുടെ പിന്തുണയുമാണ് ഹിന്ദുരാഷ്ട്രം എന്നവാദം തകർത്തത് എന്നോർക്കണം.

വർഗ്ഗപരമായ ഐക്യം ഊട്ടിയുറപ്പിക്കാൻ കമ്യൂണിസ്റ്റ് പാർട്ടിയും കിസാൻ സംഘവും സദാ ശ്രദ്ധിച്ചിരുന്നു എന്നും. വെള്ളത്തിലെ മത്സ്യത്തെപ്പോലെ കമ്യൂണിസ്റ്റുകാർ ജനങ്ങൾക്കിടയിൽ ജീവിച്ചിരുന്നു എന്നതും ചരിത്രം.

മലബാറിലെ ട്രേഡ്യൂണിയൻ പ്രവർത്തനവും ശക്തിപ്പെട്ടു വന്നത് ഈ കാലത്താണ്. പൊതു ചരിത്ര ബോധത്തെ വികലമാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന കാലത്ത് സമൂഹത്തിൽ ചരിത്ര സത്യങ്ങളെത്തിക്കാൻ ശ്രമിച്ച എഴുത്തുകാരനാണ് എസ്.കെ.

സമൂഹത്തിന്റെ ചരിത്രപരമായ വളർച്ചയിൽ സോഷ്യലിസം എന്ന പുതിയഘട്ടം, മുതലാളിത്തം എന്ന പഴയ ഘട്ടത്തിന്റെ നിഷേധമാണ്.

ദരിദ്രരില്ലാത്ത ചൈന എന്ന ലക്ഷ്യം 2021 ഓടെ സാക്ഷാൽക്കരിക്കുമെന്ന പ്രഖ്യാപനം ഇതിനകം പ്രാവർത്തികമാക്കാൻ കഴിഞ്ഞു ചൈനക്ക്. വികസന–സോഷ്യലിസ്റ്റ്–രാജ്യമായി ചൈന ഉയരുകയും ചെയ്തു. ബഹുതലസ്പർശിയായ ഒരു സമീപനമാണ് അതിദാരിദ്ര്യനിർമ്മാർജ്ജന രംഗത്ത് ചൈന കൈക്കൊണ്ടത്. ഇതിന് മൂന്ന് മില്യൻ കേഡർമാർ വേഷപ്രച്ഛന്നരായി ഗ്രാമങ്ങളിൽ പ്രവർത്തിച്ചു എന്ന അറിവ് നമുക്ക് മറക്കാനാവില്ല.

വർഗ്ഗ വൈരുദ്ധ്യങ്ങളുടെ ഇരകളായി മാറുന്ന സാധാരണക്കാരേയും, വർഗ്ഗങ്ങളിലൊന്നും പെടാതെ കഴിയുന്ന നിസാര ജീവിതങ്ങളേയും തേടി നടന്ന സഞ്ചാരിയാണ് എസ്.കെ. പൊറ്റക്കാട്.

ഒരു ദേശത്തിന്റെ കഥയെ മുൻനിർത്തി എസ്.കെ. സാഹിത്യം പഠിക്കാനും നാട്ടു വാ മൊഴി ചരിത്രവും, തെരുവിൽ വീണ് പിടയുന്ന മനുഷ്യരുടെ നിലവിളികളും അതിജീവനത്തിനായി ജനങ്ങൾ നടത്തുന്ന ചെറുത്ത് നില്പ്പുകളും ഈ വിഖ്യത കൃതിയെ ക്ലാസിക് നിലവാരത്തിലേക്ക് ഉയർത്തുന്നുണ്ട്.

കോഴിക്കോട്ട് പഠിക്കുന്ന കാലത്താണ് എസ്.കെ യെ പരിചയപ്പെടുന്നത്, ചെലവൂർ വേണുവിലൂടെ അദ്ദേഹത്തെ കൂടുതൽ



# എസ്.കെ പൊറ്റക്കാട്

**"മർത്ത്യനു മർത്ത്യനെപ്പോലെയിത്ര**
**നിർദയനായൊരു ശത്രുവില്ലാ-**
**മർദനവൈദവമിതരത്തിൽ**
**ക്രൂദ്ധമൃഗങ്ങൾക്കുപോലുമില്ല"**

## "ഒരു ദേശത്തിന്റെ കഥ"

വായിക്കുന്നതും ബന്ധപ്പെടുന്നതും.

എത്ര സൂക്ഷ്മതയോടെയാണ് സ്ഥലങ്ങൾ കാണുന്നതും ഉൾകൊള്ളുന്നതം എന്ന് നേരിട്ട് സംസാരിക്കുമ്പോഴൊക്കെ തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. അത്ഭുതപ്പെട്ടിട്ടുണ്ട്.




"ചന്ദ്രകാന്ത"ത്തിൽനിന്ന് ടൗൺഹാൾവരെ അദ്ദേഹത്തോടൊപ്പം നടന്നുപോയിട്ടുണ്ട് പലതവണ. എം.എൻ.കുറുപ്പ് ടൗൺഹാളിൽ ഒരുക്കിയ ഒരു സദ്യയിൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനിരുന്നപ്പോൾ അച്ഛന്റെ സാമീപ്യം അനുഭവിച്ചിട്ടുണ്ട്. കക്ഷത്ത് ഒരു സഞ്ചിയുമായി ലളിത ജീവിതം നയിക്കുകയും ഇന്നത്തെ ആധുനിക സൗകര്യങ്ങളൊന്നുമില്ലാതിരുന്ന കാലത്ത് ലോകം ചുറ്റി സഞ്ചരിക്കുകയും, മനുഷ്യനേയും മനുഷ്യത്വത്തേയും അക്ഷരത്തിലാക്കി പ്രകാശിപ്പിക്കുകയും ചെയ്ത മനുഷ്യസ്നേഹിയുടെ ചിന്തകളും, തൂലികയും എന്നും അത്ഭുതംതന്നെ.

ജീവിതത്തിന്റെ ശരിക്കള്ള ആഖ്യാനങ്ങൾ ചോർന്നു പോകാതെ അടയാളപ്പെടുത്തിയ മഹാപ്രതിഭ, നിരക്ഷരനായ ഒരാൾക്ക് പോലും കേട്ടാൽ ആ പ്രദേശത്ത് എത്തിപ്പെട്ട അനുഭവം സങ്കുചിത ബോധത്തിൽ നിന്ന് മാനവികതയുടെ വിശാല ലോകം പേന തുമ്പിലൂടെ നമുക്ക് അനുഭവപ്പെടുത്തി തന്ന മാന്ത്രികൻ. മനുഷ്യ സമൂഹത്തിന്റെ തനിമയും ഒരു പ്രദേശത്തിന്റെ സാമ്യതകളും പരിണാമ സൂചനകളും തരുന്ന പ്രകൃതിയെ പാഠപുസ്തകമാക്കുന്ന കുറിപ്പുകളും വിവരണങ്ങളും വിവിധവർണ്ണങ്ങളിലുള്ള മഷിയിൽ കുറിച്ചിടുമ്പോൾ അത് സൂചനകളാണ്. സൂചനകളുടെ ആവിഷ്ക്കാരമാണ് നാടകം. അതിന്റെ പിന്നിൽ ത്യാഗത്തിന്റേയും സഹനത്തിന്റേയും ചെറുത്തുനില്പ്പുകളുടെയും ചരിത്രം ഉറങ്ങികിടക്കുന്നുണ്ട് എന്നു നമ്മൾ തിരിച്ചറിയണം. ചാക്ക് സായിപ്പിനെ ഈ മഹാനഗരത്തിൽ കാണാതായി. രക്തവുംമാംസവുമുള്ള മനുഷ്യ ജീവിതങ്ങൾ പുതിയ കാൽവെപ്പുകൾ നടത്തുന്നു. പഴയ കാൽവെപ്പുകളെ മായ്ക്കുന്നു. ഒരു നാടകംമാത്രംഎഴുതി സാംസ്ക്കാരിക ഇടപെടൽ നടത്തിയ ഈ സഞ്ചാരി സാമൂഹ്യ പുനർനിർമ്മാണത്തിന്റെ ഭാഗമാണ് കലയും സാഹിത്യവും സംസ്ക്കാരവുമെല്ലാംമെന്ന് ബോധ്യപ്പെടുത്തുന്നു.

മനുഷ്യൻ മനുഷ്യനാവുന്നത് ചരിത്രബോധത്തോടെ സമൂഹത്തിൽ പ്രവർത്തിക്കുമ്പോഴാണ്. സമൂഹത്തെചരിത്രബോധമുണ്ടാക്കാനാണ് എസ്.കെയുടെ യാത്രകളും, എഴുത്തും.

"മനുഷ്യനായതുകൊണ്ടു മാത്രം നിങ്ങൾ വലിയവനാകുന്നില്ല. മനുഷ്യത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുക" എന്ന് ഗാന്ധിജിപറഞ്ഞിട്ടുണ്ട്. ഇന്നത്തെ ആധുനിക സൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന കാലത്താണ് പോസ്റ്റ് കാർഡും, പേനയുമായി പൊറ്റക്കാട് ലോകം ചുറ്റിയത്. എസ്. കെ. യുടെ സർഗ്ഗാത്മകമായ എത്ര എത്ര കൃതികൾ. അതിരാണിപ്പാടം ഇന്ന് കാണാനാവില്ല. അത് ചരിത്രമായി മാറി. എല്ലാം ചരിത്രമായി മാറുന്നു. പുതിയ കാൽപ്പാടുകൾ പഴയകാൽപ്പാടുകളെ മായ്ക്കും. അത് പ്രകൃതി നിയമം.

ടോസ്ക്കി പറഞ്ഞതുപോലെ "കലകൾ എപ്പോഴും സമൂഹത്തിന്റെ പരിചാരകരും ചരിത്രപരമായ ധർമ്മങ്ങൾ നിറവേറ്റുന്നതുമാണല്ലോ." ■



## കാർട്ടൂൺ

പുരുഷൻ കടലുണ്ടി




## അഷിഖ എം.



തായ്‌ലഡിൽ വെച്ച് നടന്ന **IFMA MUAYTHAI WORLD CHAMPION SHIP 2021** ൽ ഇന്ത്യക്കു വേണ്ടി വെങ്കല മെഡൽ കരസ്ഥമാക്കിയ അഷിഖ എം.

കൊമ്മേരി "ലാൽ സ്റ്റുഡിയോ, മാങ്കാവ് "എം. ഷൈജുവിന്റേയും പ്രിയയുടേയും മകളാണ് അഷിഖ.

# അസോസിയേഷൻ ഓഫ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് കേരള (A.A.W.K.) വാർഷിക ജനറൽ ബോഡി യോഗം



അസോസിയേഷൻ ഓഫ് ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് കേരള വാർഷിക ജനറൽ ബോഡി യോഗം ഡിസംബർ 15-ാം തിയ്യതി ബുധനാഴ്ച വളയനാട് ശ്രീദേവി ഹാളിൽ വെച്ചു നടന്നു.

സമ്മേളനത്തിൽ അദ്ധ്യക്ഷൻ ശൈലേഷിന്റെ സാന്നിദ്ധ്യത്തിൽ പ്രവീൺ സി.കെ. സ്വാഗതം പറഞ്ഞു. A.A.W.K. സംസ്ഥാന പ്രസിഡണ്ട് നസീർ കള്ളിക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. റിപ്പോർട്ട് സെക്രട്ടറി സിറാജുദ്ദീനും വരവു ചിലവു കണക്കുകൾ യൂണിറ്റ് ട്രഷറർ മഹേഷും അവതരിപ്പിച്ചു. മുഖ്യ പ്രഭാഷണം റിജു A.A.W.K. കോഴിക്കോട് ജില്ലസെക്രട്ടറിയും ആശംസ അരുൾദാസ് (A.A.W.K. കോഴിക്കോട് ജില്ലാ പ്രസിഡണ്ട്), ഗോപി (A.A.W.K.കോഴിക്കോട് ജില്ല എക്സിക്യൂട്ടീവ് മെമ്പർ) നിർവ്വഹിച്ചു. ജിജീഷ് (A.A.W..K.) നന്ദി പ്രകാശിപ്പിച്ചു.

2022– 24 വർഷത്തെ പുതിയ ഭാരവാഹികളായി സെക്രട്ടറി ജിജീഷ്, പ്രസിഡണ്ട് സിറാജുദ്ദീൻ, ട്രഷറർ പ്രവീൺ സി.കെ. എന്നിവരെ തെരഞ്ഞെടുത്തു.

ഞങ്ങൾ 14-ാം വർഷത്തിലേക്ക്

NAKSHATHRA RAJYAM SINCE 2008 OCTOBER

# നക്ഷത്രരാജ്യം നാൾ വഴികൾ















ഫോൺ : 9847649567, 9744233997
മാനേജിംഗ് എഡിറ്റർ
നക്ഷത്രരാജ്യം ത്രൈമാസിക
P.B : No. 1205, Mankave P.O., Kozhikode - 7








Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri P.O, P.B. No. 1205, Mankave Post Office, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.

# എയർഗണ്ണുകൾക്ക് മാത്രമായുള്ള ഷോറൂം...

PRECIHOLE SPORTS™ AMER SPORTS

ലൈസൻസ് ആവശ്യമില്ല

ഞങ്ങൾക്ക് മറ്റു ബ്രാഞ്ചുകളില്ല






**Orion | Pegasus | Club**
*Exclusive Dealer In Calicut*

"WE ARE SERVICING ALL TYPE OF AIR RIFLES AND AIR GUNS WITH GURANTEE"

## NATIONAL AIR ARMS®

Puthiyara, Kozikode-4 Ph: 2725767 Mob: 9447218956, 9387210268
E-mail: enquiry@nationalairarms.com www.nationalairarms.com

ISO 9001 2015

Dealer for all kinds of AIR GUNS, AIR PISTOLS ACCESSORIES & SERVICING

# MS KRISHNA



## METER SERVICE



13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908

**We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters**
**Dealers in Smart Electronic fare meter for Auto & Call Taxi**





വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്ങ്സ് & ലിറ്ററേച്ചർ ക്രീഷൻസ്

ഇ. രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന






നാടകം ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും : ഇ രാധാകൃഷ്ണൻ കൊമ്മേരി

വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്ങ്സ് & ലിറ്ററേച്ചർ ക്രീയേഷൻസ്, മാങ്കാവ്, കോഴിക്കോട് 7

Phone : 9847 649 567, 9744 233 997 E-mail: nakshathrarajyam@gmail.com